مركز أصول
Osoul Center
www.osoulcenter.com
Rabwah

# തിരുനബി ﷺ യുടെ കൂടെ ഒരു ദിവസം



അയ്മൻ ബിൻ അബ്ദുൽ അസീസ് അബാനമി

വിവർത്തനം: മിദ്‌ലാജ് അരിയിൽ

# يوم مع حبيبك ﷺ

تأليف

أبو خالد أيمن بن عبدالعزيز أبانمي

راجعه فضيلة الشيخ

د. عبدالكريم بن عبدالله الخضير

ترجمة ومراجعة

مدلاج صلاحي

Malayalam

മലയാളം

مليالم / مليباري

ح جمعية الدعوة والإرشاد وتوعية الجاليات بالربوة ، ١٤٤٤هـ

**فهرسة مكتبة الملك فهد الوطنية أثناء النشر**

أبانمي ، أيمن بن عبدالعزيز بن عبدالمحسن

يوم مع حبيبك صلى الله عليه وسلم - المااليالم. / أيمن بن عبدالعزيز بن عبدالمحسن أبانمي - ط١

- الرياض، ١٤٤٤هـ

٨٠ ص، ١٢ سم x ١٦,٥ سم

ردمك : ٦-٥١-٨٣٨٢-٦٠٣-٩٧٨

١- السرة النبوية أ.العنوان

**ديوي ٢٣٩ ١٤٤٤/٦١٦٠**

**رقم الايداع: ١٤٤٤/٦١٦٠**

**ردمك : ٦-٥١-٨٣٨٢-٦٠٣-٩٧٨**

**This book has been conceived, prepared and designed by the Osoul Centre. All photos used in the book belong to the Osoul Centre. The Centre hereby permits all Sunni Muslims to reprint and publish the book in any method and format on condition that 1) acknowledgement of the Osoul Centre is clearly stated on all editions; and 2) no alteration or amendment of the text is introduced without reference to the Osoul Centre. In the case of reprinting this book, the Centre strongly recommends maintaining high quality.**

+966 11 445 4900

+966 11 497 0126

P.O.BOX 29465 Riyadh 11457

osoul@rabwah.sa

www.osoulcenter.com

بسم الله الرحمن الرحيم

# താളുകളിൽ


| | |
|---|---|
| നബി(സ)യുടെ സൃഷ്ടിപരമായ വിശേഷണങ്ങൾ | 17 |
| ഉറക്കിൽ നിന്നും ഉണരൽ, വുദൂഅ്, നമസ്കാരം | 19 |
| നബി(സ)യുടെ നമസ്കാരം | 27 |
| നബി(സ)യുടെ പ്രഭാതത്തിലും പ്രദോഷത്തിലുമുള്ള ദിക്റുകൾ | 45 |
| നബി(സ)യുടെ ആഹാര രീതികൾ | 53 |
| നബി(സ)യുടെ വസ്ത്രം, നടത്തം, വാഹനം | 57 |
| നബി(സ)യുടെ സ്വഭാവ ഗുണങ്ങൾ, പെരുമാറ്റരീതി | 61 |
| നബി(സ)യുടെ വീട് , ഉറക്കം | 69 |

# തിരുനബി ﷺ യുടെ കൂടെ ഒരു ദിവസം

തന്നോടുള്ള സ്നേഹത്തെ തന്റെ ഉറ്റ ചങ്ങാതിയായ മുഹമ്മദ്(സ) യെ പിന്തുടരുന്നതിനോട് ബന്ധിപ്പിച്ച അല്ലാഹുവിനാണ് സർവ സ്തുതിയും, അല്ലാഹു പറയുന്നു:

فقال تعالى: ﴿ قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴾ [آل عمران : ٣١].

“(നബിയേ,)പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.” (ആലുഇമ്രാൻ 31).

ഏതെങ്കിലും സൃഷ്ടിയോടുള്ള തങ്ങളുടെ സ്നേഹം അവന്റെ സ്നേഹഭാജനമായ നബി(സ)യോടുള്ള സ്നേഹത്തേക്കാൾ അധികരിപ്പിക്കുന്നത് വഴി ഈമാൻ നഷ്ടപ്പെട്ട് പോകും, റസൂൽ (സ) പറഞ്ഞു:

«لاَ يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ وَالِدِهِ وَوَلَدِهِ وَالنَّاسِ أَجْمَعِينَ». [صحيح البخاري]

“നിങ്ങളുടെ പിതാക്കളെക്കാളും സന്താനങ്ങളെക്കാളും മുഴുവൻ ജനങ്ങളെക്കാളും നിങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ളത് ഞാനാകുന്നത് വരെ നിങ്ങളാരും വിശ്വാസികളാവുകയില്ല” (ബുഖാരി, മുസ്‌ലിം). തിരഞ്ഞെടുക്കപ്പെട്ട പ്രവാചകനും മാർഗദർശിയും പ്രകാശിക്കുന്ന വിളക്കും, സന്തോഷവാർത്തയുടെ പ്രബോധകനും, സ്വാന്തനമേകുന്ന കാരുണ്യവും, സമാധാനമേകുന്ന അനുഗ്രഹവുമായ പ്രവാചകനിലും അവിടുത്തെ പരിശുദ്ധമായ കുടുംബത്തിലും മുഹാജിറുകളിലും അൻസ്വാറുകളിലും അന്ത്യനാൾവരെ സുകൃതം ചെയ്ത് കൊണ്ട് അവരെ പിന്തുടരുന്നവരിലും അല്ലാഹുവിന്റെ പരിപൂർണമായ രക്ഷയും സമാധാനവും ഉണ്ടാകട്ടെ, രാപ്പകലുകൾ മാറി മാറി വരുന്നത്രയും അല്ലാഹുവിന്റെ രക്ഷ അവരിൽ ഉണ്ടാകട്ടെ, പുണ്യവാന്മാരായ ദിക്ർ ചൊല്ലുന്നവർ സ്മരിക്കുന്നത്രയും അല്ലാഹുവിന്റെ രക്ഷ അവരിൽ ഉണ്ടാകട്ടെ, മഴത്തുള്ളികളുടെയും മരത്തിലെ ഇലകളുടെയും മണൽ തരികളുടെയും കല്ലുകളുടെയും എണ്ണമത്രയും അല്ലാഹുവിന്റെ രക്ഷ അവരിൽ ഉണ്ടാകട്ടെ, ആമുഖത്തിന് ശേഷം;

ഒരു യഥാർത്ഥ മുസ്‌ലിം തന്റെ സ്നേഹഭാജനമായ മുഹമ്മദ് (സ)യോടുള്ള ഗാഢ പ്രണയം നിമിത്തം പ്രിയ മുസ്ത്വഫയുടെ കൂടെ ഇരുന്ന്, അവിടുത്തെ തിരു വദനത്തിന്റെ പ്രകാശത്താൽ കണ്ണുകൾ നിറഞ്ഞ്, അവിടുത്തെ ആസ്വാദ്യകരമായ തിരുവചനം കേട്ട്, അവിടുത്തെ ഹൃദയം കവരുന്ന സ്വഭാവം കണ്ട്, തന്റെ

രക്ഷിതാവിനുള്ള ആരാധനക്ക് സജ്ജമാകുന്ന അദ്ദേഹത്തിന്റെ അനുചരന്മാരിൽ താൻ ഉൾപ്പെട്ടിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്നു. "എന്റെ സമുദായത്തിൽ എന്നോട് ഏറ്റവും ഇഷ്ടമുള്ളവർ എനിക്ക് ശേഷം വരുന്ന ഒരു ജനതയാണ്, അവരിലൊരാൾ തന്റെ കുടുംബവും സമ്പത്തും നഷ്ടപ്പെട്ടിട്ടാണെങ്കിലും ശരി എന്നെ കാണണമെന്ന് ആഗ്രഹിക്കുന്നു" എന്ന് റസൂൽ (സ) പറഞ്ഞത് പോലെ അതിനു വേണ്ടി തങ്ങൾ ഉടമപ്പെടുത്തിയതെല്ലാം ത്യജിക്കാൻ അവർ സന്നദ്ധരാകുന്നു.

ഇബ്നു സീരീൻ(റ) ഉബൈദത്ത് ഇബ്നു അംറ് (റ) യോട് പറഞ്ഞു: "നമ്മുടെ അടുക്കൽ അനസ് ഇബ്നു മാലിക് വഴി ലഭിച്ച നബി(സ)യുടെ ഏതാനും മുടികളുണ്ട്, അപ്പോൾ ഉബൈദത്ത്(റ) പറഞ്ഞു: "എന്റെ അടുക്കൽ അതിൽ നിന്നും കുറച്ച് മുടികൾ ഉണ്ടാകുന്നതാണ് ഈ ലോകത്തേയും അതിലുള്ളതിനേക്കാളും ഞാൻ ഇഷ്ടപ്പെടുന്നത്" അതിനെ കുറിച്ച് ഇമാം ദഹബി പറഞ്ഞു: "നബി(സ)ക്ക് അമ്പത് വർഷങ്ങൾക്ക് ശേഷം ഒരു ഇമാം ഇതുപോലെ പറയുമ്പോൾ നമ്മുടെ ഈ കാലത്ത് കൃത്യമായ പരമ്പരയിലൂടെ അവിടുത്തെ ഒരു മുടി കിട്ടിയാൽ നമ്മൾ എന്താണ് പറയുക? കൃത്യമായ പരമ്പര ഇല്ലാത്തത് സ്വീകരിക്കുക അസാധ്യമാണ്. ഇമാം ദഹബി വീണ്ടും പറഞ്ഞു: "നബി(സ) തല മുണ്ഡനം ചെയ്തപ്പോൾ തന്റെ അനുചരന്മാരോടുള്ള ആദരവ് നിമിത്തം അത് അവർക്കിടയിൽ വിതരണം ചെയ്തിരുന്നു, അതിൽ നിന്നൊരു മുടി ലഭിക്കാത്തത് എനിക്കെന്തൊരു നഷ്ടമാണ്."

ജുബൈർ ഇബ്നു നുഫൈൽ(റ) പറഞ്ഞു: "ഞങ്ങളൊരു ദിവസം മിഖ്ദാദ് ബ്നു അസ്‌വദ്(റ)യുടെ അടുക്കൽ ഇരിക്കുകയായിരുന്നു, അപ്പോൾ ഒരാൾ അദ്ദേഹത്തോട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതർ(സ)യെ ദർശിച്ച ഈ ഇരു കണ്ണുകൾക്കും മംഗളം..! അല്ലാഹുവാണെ സത്യം, നിങ്ങൾ കണ്ടത് കാണണമെന്നും നിങ്ങൾ സാക്ഷിയായതിന് സാക്ഷിയാകണമെന്നും ഞങ്ങൾ കൊതിക്കുകയാണ് "

ഥാബിത്ത് അൽ ബന്നാനി(റ) നബി(സ)യുടെ സേവകനായിരുന്ന അനസ് ഇബ്നു മാലിക്(റ) വിനെ കണ്ടാൽ അദ്ദേഹത്തിന്റെ കരങ്ങൾ ചുംബിച്ച് കൊണ്ട് പറയുമായിരുന്നു: "തീർച്ചയായും ഇത് റസൂൽ(സ)യുടെ കരങ്ങൾ സ്പർശിച്ച കരങ്ങളാണ്". അത് പോലെ തന്നെ യഹ്‌യ ബിൻ ഹാരിഥ്(റ), വാസിൽ ഇബ്നു അസ്ഖഅ്(റ) തുടങ്ങിയ താബിഉകൾ റസൂൽ(സ) യോട് കരാർ ചെയ്ത സലമത്ത് ബ്നുൽ അഖ്‌വഅ്(റ)വിന്റെ കരങ്ങൾ ചുംബിക്കാറുണ്ടായിരുന്നു.

ഹസനുൽ ബസരി(റ) ഒരുകഥ പറയാറുണ്ടായിരുന്നു. "നബി(സ) ഖുതുബ പറയാൻ ഉപയോഗിച്ചിരുന്ന ഒരു പനങ്കുറ്റി(മിമ്പർ) അവിടുന്ന് ഉപേക്ഷിക്കുകയും ശേഷം അവിടുന്ന് ഒരു മിമ്പർ സ്വീകരിക്കുകയും ചെയ്തു. അപ്പോൾ ആ പനങ്കുറ്റി തേങ്ങി കരഞ്ഞു, അതിൽ നിന്നും പള്ളിയിലുള്ളവർ മുഴുവൻ കേൾക്കുമാറ് തന്റെ കുഞ്ഞിന് ജന്മം കൊടുക്കുന്ന ഒട്ടകത്തിന്റേത് പോലുള്ള ശബ്ദം പുറത്ത് വന്നു, അങ്ങനെ നബി(സ) വരികയും അതിന്മേൽ അവിടുത്തെ കൈ വെക്കുകയും ചെയ്തപ്പോൾ

അത് കരച്ചിൽ നിർത്തി ശാന്തമായി" ഈ സംഭവം പറഞ്ഞാൽ അദ്ദേഹം (ഹസനുൽ ബസരി) പറയുമായിരുന്നു: "ഓ..മുസ്‌ലിം സമൂഹമേ.. നബി(സ)യോടുള്ള ഗാഢ സ്നേഹം നിമിത്തം ഒരു മരത്തടി തേങ്ങിക്കരയുന്നു, എന്നാൽ നിങ്ങളാണ് അദ്ദേഹത്തെ ഗാഢമായി സ്നേഹിക്കാൻ അതിനേക്കാൾ അർഹർ".

എന്നാൽ അവർ അവിടുത്തോടുള്ള ഇഷ്ടത്തെ കേവല പ്രണയത്തിലൊതുക്കുകയല്ല ചെയ്തത്. മറിച്ച്, അവിടുത്തെ ചര്യ അനുസരിച്ച് പ്രവർത്തിക്കുകയും അത് ജീവിതത്തിൽ പുലർത്തിക്കൊണ്ട് അദ്ദേഹം കൊണ്ട് വന്നത് മുഴുവൻ ലഭിക്കുമാറ് പരിശ്രമിക്കുകയുമാണ് ചെയ്തത്. താബിഉകളിലെ നേതാവായിരുന്ന അബൂ മുസ്‌ലിം അൽ ഖൂലാനി(റ) പറയുന്നു: "മുഹമ്മദ് നബി(സ)യുടെ അനുചരന്മാർ അദ്ദേഹത്തെ അവരുടേത് മാത്രമാക്കാമെന്ന് കരുതുകയാണോ, എന്നാൽ അവർക്ക് പിന്നിൽ ചില ആൺകുട്ടികളുണ്ട് എന്ന് അവർ മനസ്സിലാക്കുവോളം നാം ആ കാര്യത്തിൽ അവരുമായി മത്സരിക്കുക തന്നെ ചെയ്യും". താബിഉകൾ നബി(സ)യുടെ ചര്യ പിൻപറ്റുന്ന കാര്യത്തിൽ സ്വഹാബത്തിനോട് മത്സരിക്കാറുണ്ടായിരുന്നു എന്ന് ചരിത്രത്തിൽ കാണാം. അവിടുത്തോടുള്ള സാമീപ്യവും അത് മുഖേനെയുള്ള ശ്രേഷ്ഠതയും സ്വഹാബത്തിന് മാത്രം അവകാശപ്പെട്ടതാണെങ്കിലും അനുസരണവും പ്രവർത്തനവും കൊണ്ട് അവരോട് മത്സരിക്കാൻ പിൻഗാമികൾക്ക് സാധിക്കും. അത് കൊണ്ടാണ് അവർ പറഞ്ഞത്: "ഒരാൾ താങ്കളോട് ഇഹലോകത്തിന് വേണ്ടി മത്സരിക്കുന്നത് കണ്ടാൽ നിങ്ങൾ അയാളോട് പരലോകത്തിന്റെ കാര്യത്തിൽ മത്സരിക്കുക, അങ്ങനെ

അല്ലാഹുവിങ്കൽ നിങ്ങളെ ആരും മറികടക്കാതിരിക്കാൻ നിങ്ങൾക്ക് സാധിക്കുമെങ്കിൽ നിങ്ങളപ്രകാരം ചെയ്യുക".

അവർക്ക് ശേഷം വന്ന സലഫുകളും ചെറുതും വലുതുമായ സുന്നത്തുകൾ മുറുകെപ്പിടിക്കുന്ന കാര്യത്തിൽ അതീവ തത്പ രരായിരുന്നു എന്ന് കാണാം, ഇമാം അഹ്മദ് ഇബ്നു ഹമ്പൽ (റ) പറയാറുണ്ടായിരുന്നു: "നബി(സ) കൊമ്പ് വെച്ചപ്പോൾ അബൂ ത്വയ്യിബ്നു ഒരു ദീനാർ കൊടുത്തു എന്നത് എനിക്ക് ലഭിച്ചപ്പോൾ ഞാനും എനിക്ക് കൊമ്പ് വെച്ചവന് ഒരു ദീനാർ കൊടുക്കുമാറ് നബി(സ) യുടെ ഒരു ഹദീസും ഞാൻ അത് പ്രവർത്തിക്കാതെ രേഖപ്പെടുത്തിയിരുന്നില്ല" വീണ്ടും അദ്ദേഹം പറഞ്ഞു: "തല ചൊറിയുമ്പോൾ പോലും നിനക്ക് സുന്നത്ത് പാലിക്കാൻ കഴിയുമെങ്കിൽ നീ അപ്രകാരം ചെയ്യുക" (അഥവാ വളരെ നി സാരമെന്നു തോന്നുന്ന കാര്യത്തിൽ പോലും നബിയുടെയും സ്വഹാബത്തിന്റെയും ചര്യ പാലിക്കാൻ കഴിയുമെങ്കിൽ അപ്ര കാരം ചെയ്യണമെന്ന് സാരം ;വിവ) നബി(സ)യുടെ എല്ലാ കാര്യത്തിലുമുള്ള മാനുഷികമായ പൂർണതയാണ് ഇത് അടയാളപ്പെടുത്തുന്നത്. ഇമാം നവവി(റ) പറഞ്ഞു: "അവിടുത്തെ രൂപ വിശേഷണത്തിലേക്ക് നീ നോക്കിയാൽ അതിന് ശേഷം മറ്റൊരു സൗന്ദര്യമില്ലാത്ത വിധം സുന്ദരമാണത്, അവിടുത്തെ സ്വഭാവത്തിലേക്കും പെരുമാറ്റത്തിലേക്കും നീ നോക്കിയാൽ ഒരു ന്യൂനതയുമില്ലാത്ത സമ്പൂർണതയാണത്, മുഴുവൻ മനു ഷ്യരോടും വിശിഷ്യാ മുസ്ലിംകളോടുമുള്ള അദ്ദേഹത്തിന്റെ നന്മയിലേക്കും ഔദാര്യത്തിലേക്കും നോക്കിയാൽ അതിന് ശേഷം മറ്റൊന്നും ബാക്കിയാക്കാത്ത വിധമുള്ള പൂർത്തീകരണമാണ്."

ഒരു ദാസന് ലഭിക്കാവുന്ന ഏറ്റവും വലിയ അനുഗ്രഹം അവന് അദ്ദേഹത്തോടുള്ള സ്നേഹം ലഭിക്കുക എന്നതാണെന്നതിൽ യാതൊരു സംശയവുമില്ല. ഇബ്നുൽ ഖയ്യിം(റ) പറയുന്നു :"ആ കാര്യത്തിൽ അയാൾ സത്യസന്ധത പുലർത്തിയാൽ- അഥവാ തന്റെ രക്ഷിതാവിന്റെ ആഗ്രഹത്തിനൊത്ത് തന്റെ എല്ലാ ചിന്തകളും ഹൃദയവും മനസിനോടുള്ള സംഭാഷണങ്ങളും അയാൾ ചിട്ടപ്പെടുത്തിയാൽ- അയാൾക്ക് പ്രവാചകനോടുള്ള സ്നേഹം നൽകപ്പെടും, അതിന്റെ ആത്മീയ പരിമളം അവന്റെ ഹൃദയത്തിൽ ആധിപത്യം സ്ഥാപിക്കും, അങ്ങനെ അല്ലാഹു തന്റെ പ്രവാചകനെ അവനിലേക്കുള്ള ദൂതനും മാർഗദർശിയും ആക്കിയത് പോലെ അത് അയാളുടെ ഇമാമും പരിശീലകനും അധ്യാപകനും നായകനും ആദർശ മാതൃകയുമായിത്തീരും. അങ്ങനെ പ്രവാചകന്റെ ചരിത്രത്തിലേക്കും പ്രവാചകത്വത്തിന്റെ ആരംഭ കാര്യങ്ങളെ കുറിച്ചും അവിടുത്തേക്ക് എങ്ങനെയാണ് ദിവ്യബോധനം ഇറങ്ങിയത് എന്നും അയാൾ എത്തിനോക്കും, അങ്ങനെ അയാൾ പ്രവാചകന്റെ വിശേഷണങ്ങളും സ്വഭാവവും അവിടുത്തെ ചലനത്തിലും അടക്കത്തിലും ഉറക്കത്തിലും ഉണർവിലും ആരാധനയിലും തന്റെ കുടുംബത്തോടും അനുചരന്മാരോടുമൊപ്പമുള്ള സഹവാസത്തിലുമുള്ള മര്യാദകളും മനസ്സിലാക്കും, അങ്ങനെ അയാൾ പ്രവാചകന്റെ കൂടെയുള്ള അനുചരനെ പോലെ ആയിത്തീരും" (മദാരിജു സാലികീൻ 3/268).

ഞാൻ പറയുന്നു: "ആർക്കെങ്കിലും മുസ്ത്വഫ(സ)യുടെ സാമിപ്യം നഷ്ടപ്പെട്ടാലും അദ്ദേഹത്തിന്റെ ചര്യയോടുള്ള സഹവർത്തിത്വം നഷ്ടപ്പെടുത്തരുത്"

എല്ലാ വാക്കിലും പ്രവർത്തിയിലും നിന്റെ പ്രിയപ്പെട്ടവനെ അനുകരിച്ച്, അവിടുത്തെ മാർഗദർശനം പിന്തുടർന്ന്, അവർണ്ണനീയമായ സൗഭാഗ്യം ആസ്വദിച്ച് ജീവിക്കുന്നത് എത്ര സുന്ദരമാണ്, എങ്ങനെ അങ്ങനല്ലാതിരിക്കും? കാരണം, സൃഷ്ടികളിൽ ഏറ്റവും ഉത്തമനെയാണ് താങ്കൾ പിന്തുടരുന്നത്, അദ്ദേഹത്തെ കൺമുന്നിൽ കാണുന്നത് പോലെ താങ്കൾ അദ്ദേഹത്തെ മാതൃകയാക്കുകയും ചെയ്യുന്നു.. ശ്രമിച്ച് നോക്ക്.. തീർച്ചയായും താങ്കൾക്കത് അനുഭവപ്പെടും, ഇതിന് ശേഷമുള്ള താങ്കളുടെ ഓരോ ദിനങ്ങളും താങ്കൾക്കേറ്റവും പ്രിയപ്പെട്ട മുഹമ്മദ്(സ) യുടെ കൂടെയായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രദ്ധിക്കുക: പ്രമാണത്തിൽ എന്തെങ്കിലും പ്രത്യേകതയുണ്ടെന്ന് സ്ഥിരപ്പെടാത്ത വല്ല ദിവസവും അതിൽ പ്രത്യേക ശ്രേഷ്ഠത ഉണ്ടെന്ന് വിശ്വസിച്ച് കൊണ്ട് തെരെഞ്ഞെടുക്കൽ അനുവദനീയമല്ല. എന്നാൽ അവിടുത്തോടുള്ള സഹവാസം ആരംഭിക്കാൻ നിങ്ങൾക്ക് ഏത് ദിവസം വേണമെങ്കിലും തിരഞ്ഞെടുക്കാവുന്നതാണ്. ഇൻഷാ അല്ലാഹ്.

പ്രവാചകൻ(സ)യുടെ ഒരു ദിവസം അവിടുത്തോടൊപ്പം കഴിച്ച് കൂട്ടുന്നതിന് മുമ്പായി അദ്ദേഹത്തിന്റെ സൃഷ്ടിപരമായ വിശേഷണങ്ങളെ കുറിച്ച് നമുക്ക് പഠിക്കാം.

# നബി(സ)യുടെ സൃഷ്ടിപരമായ വിശേഷണങ്ങൾ

റസൂൽ(സ) വിരിഞ്ഞ മുതുകുള്ള ചെവിക്കുറ്റി വരെ എത്തുന്ന തലമുടിയുള്ള വളരെ നീളമുള്ളതോ എന്നാൽ കുരുണ്ടതോ അല്ലാത്ത ഒത്ത മനുഷ്യനായിരുന്നു. അവിടുന്ന് ജനങ്ങളിൽ വെച്ച് ഏറ്റവും നല്ല മുഖത്തിനും സ്വഭാവത്തിനും ഉടമ ആയിരുന്നു. അവിടുത്തെ നിറം കടുത്ത വെളുപ്പോ തവിട്ട് നിറമോ ആയിരുന്നില്ല. അദ്ദേഹത്തിന്റെ മുടി ചുരുണ്ട തോ നീണ്ട് നേർത്തതോ ആയിരുന്നില്ല, ജനങ്ങളിൽ വെച്ച് ഏറ്റവും നല്ല മുഖമായിരുന്നു അദ്ദേഹത്തിന്റേത്, അവിടുത്തെ മുഖം വെള്ളിയിൽ നിന്ന് ഉണ്ടാക്കപ്പെട്ടത് പോലെ വെളുത്ത് ഭംഗിയുള്ളതായിരുന്നു. അവിടുന്ന് ചുവപ്പ് കലർന്ന വെളുപ്പ് നിറമായിരുന്നു, അവിടുത്തെ വിയർപ്പ് തുള്ളികൾ മുത്തുകൾ പോലെയായിരുന്നു. ധാരാളം താടി രോമം ഉള്ളവരായിരുന്നു അവിടുന്ന്. ജാബിർ ഇബ്നു സമുറ(റ)വിനോട് 'അവിടുത്തെ മുഖം വാള് പോലെയാണോ?' എന്ന് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ല അത് വൃത്താകൃതിയിൽ സൂര്യനെ യും ചന്ദ്രനെയും പോലെയായിരുന്നു.' അവിടുന്ന് ഉന്നതമായ

സംസാരവും നീണ്ടു സുന്ദരമായ നയന വിടവുകളും മാംസം കുറഞ്ഞ മടമ്പുകളും ഉള്ളവരായിരുന്നു. അവിടുന്ന് തടിച്ചതോ മെലിഞ്ഞതോ വളരെ നീണ്ടതോ കുരുണ്ടതോ അല്ലാത്ത വെളുത്ത് ഭംഗിയുള്ള ആളായിരുന്നു. അവിടുത്തെ ഇരു കാൽപാദങ്ങളും കൈകളും തടിച്ചതായിരുന്നു. അദ്ദേഹത്തിന്റെ ഇരു കൈപ്പടങ്ങളും വിരിഞ്ഞതായിരുന്നു. അനസ് ഇബ്നു മാലിക്(റ) പറഞ്ഞു: 'നബി(സ)യുടെ കൈകളേക്കാൾ മിനുസമുള്ള ഒരു പട്ടും ഞാൻ സ്പർശിച്ചിട്ടില്ല, റസൂൽ(സ)യുടെ സുഗന്ധത്തേക്കാൾ സൗരഭ്യമുള്ള ഒരു കസ്തൂരിയും ഞാൻ മണത്തിട്ടില്ല'

നബി(സ)യുടെ ജീവിതത്തിലെ ഒരു ദിവസത്തെ മതപരമായ സന്ദർഭങ്ങൾ വളരെ ചുരുങ്ങിയ രൂപത്തിൽ അവതരിപ്പിക്കുകയാണ് ഇവിടെ ഉദ്ദേശിക്കുന്നത്, കുതുബു സിത്തയിൽപെട്ട ശൈഖ് നാസിറുദ്ദീൻ അൽബാനി(റ) സ്വഹീഹാക്കിയ ഹദീസുകളാണ് ഇതിൽ അവലംബിച്ചിട്ടുള്ളത്.

# ഉറക്കിൽ നിന്നും ഉണരൽ, വുദൂഅ്, നമസ്കാരം

നബി(സ) ഉറക്കിൽ നിന്നും ഉണർന്നാൽ:

«الْحَمْدُ للهِ الَّذِي أَحْيَانَا بَعْدَ مَا أَمَاتَنَا وَإِلَيْهِ النُّشُورُ». [صحيح مسلم]

*(നമ്മുടെ ആത്മാവിനെ (ഉറക്കിൽ) എടുത്ത ശേഷം തിരിച്ചുതന്ന അല്ലാഹുവിനാണ് എല്ലാ സ്തുതിയും അവനിലേക്കാണ് നമ്മുടെ ഉയിർത്തെഴുന്നേൽപ്.)* എന്ന് പറയുമായിരുന്നു. അവിടുന്ന് ദന്തശുദ്ധീകരണം കൊണ്ട് ആരംഭിക്കുമായിരുന്നു. ചില സമയങ്ങളിൽ അവിടുന്ന് സൂ. ആലു ഇമ്രാനിലെ

﴿إِنَّ فِي خَلۡقِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَٱخۡتِلَٰفِ ٱلَّيۡلِ وَٱلنَّهَارِ لَأٓيَٰتٖ لِّأُوْلِي ٱلۡأَلۡبَٰبِ﴾ [سورة آل عمران: ١٩٠].

എന്ന് തുടങ്ങുന്ന ആയത്ത് മുതൽ ആ സൂറത്തിന്റെ അവസാനം വരെ പാരായണം ചെയ്യുമായിരുന്നു. ശേഷം അവിടുന്ന് നന്നായി അംഗശുദ്ധി വരുത്തും. അവിടുന്ന് ശൗച്യാലയത്തിൽ പ്രവേശിക്കുകയാണെങ്കിൽ

«اَللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبُثِ وَالْخَبَائِثِ».

*(അല്ലാഹുവേ, എല്ലാവിധ മാലിന്യങ്ങളിൽ നിന്നും പിശാചുക്കളിൽ നിന്നും നിന്നോട് ഞാൻ കാവൽ ചോദിക്കുന്നു)*

എന്നും അവിടെനിന്നും പുറത്ത് വരുമ്പോൾ غُفْرَانَكَ *(അല്ലാഹുവേ), നിന്നോട് ഞാൻ പാപമോചനം തേടുന്നു)* എന്നും പറയുമായിരുന്നു. ഒരു പ്രാവശ്യം വെള്ളം കൊണ്ടോ മൂന്ന് കല്ലുകൾ കൊണ്ടോ അല്ലെങ്കിൽ അവരണ്ടും (വെള്ളം, കല്ല്) കൊണ്ടോ അവിടുന്ന് ശുചീകരണം നടത്തുകയും പ്രാഥമിക കർമ സമയത്ത് മറ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. അനിവാര്യ സന്ദർഭങ്ങളിലല്ലാതെ അദ്ദേഹം നിന്ന് കൊണ്ട് മൂത്രം ഒഴിക്കാറില്ലായിരുന്നു.

നബി(സ) അംഗശുദ്ധി ചെയ്യുകയാണെങ്കിൽ തന്റെ ഇരു കൈകളും മൂന്ന് പ്രാവശ്യം കഴുകും, ശേഷം മൂന്ന് പ്രാവശ്യം വായ കൊപ്ലിക്കുക്കയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യും. ഓരോ കൈ കുമ്പിൾ വെള്ളത്തിലും പകുതി വായക്കും പകുതി മൂക്കിനും എന്ന രീതിയിലും മൂക്കിൽ വെള്ളം കയറ്റാൻ വലത് കൈയും വെള്ളം ചീറ്റി കളയാൻ ഇടത് കയ്യും എന്ന രീതിയിലുമാണ് അവിടുന്ന് അത് നിർവഹിക്കാറുള്ളത്. നോമ്പ്കാരനല്ലാത്ത അവസ്ഥയിൽ മൂക്കിൽ വെള്ളം കയറ്റി ചീറ്റൽ അധികരിപ്പിക്കാനും അദ്ദേഹം കൽപ്പിച്ചു. ശേഷം അദ്ദേഹം മുഖം മൂന്ന് പ്രാവശ്യം കഴുകും. അദ്ദേഹത്തിന്റെ തല മുടിയുടെ തുടക്കം (നെറ്റിയിലെ) മുതൽ താടിയുടെ അവസാനം വരെയാണ് മുഖം കഴുകാറുള്ളത്. ചിലപ്പോഴൊക്കെ അവിടുന്ന് ചിക്കകെറ്റി കഴുകാറുണ്ട്. ശേഷം വിരൽ മുതൽ മുട്ടുകൾ വരെ

ഇരു കൈകളും മൂന്ന് പ്രാവശ്യം കഴുകും. വിരലുകളുടെ ഇട വ്യത്തിയാക്കാൻ അവിടുന്ന് പ്രേരിപ്പിച്ചിരുന്നു. ശേഷം അദ്ദേഹം തല തടവും. തലയുടെ മുൻഭാഗത്ത് നിന്ന് രണ്ട് കൈകളും പിന്നോട്ട് കൊണ്ട് പോയി ആരംഭിച്ച സ്ഥലത്ത് തന്നെ തിരിച്ച് എത്തുന്ന രീതിയിലായിരുന്നു തല തടവിയിരുന്നത്. പിന്നീട് ഇരു ചെവികളും അകവും പുറവും തടവും. ശേഷം ഇരു കാലുകളും മടമ്പുകൾ ഉൾപ്പടെ മൂന്ന് പ്രാവശ്യം കഴുകും. അവിടുന്ന് പറഞ്ഞു: 'നിങ്ങളിൽ ആരെങ്കിലും പൂർണമായ രീതിയിൽ വുദൂഅ് ചെയ്യുകയും എന്നിട്ട്

«أَشْهَدُ أَنْ لَا إِلَهَ إِلَّا الله وَحْدَهُ لَا شَرِيكَ لَهُ ، وَأَنَّ محمداً عَبْدُهُ وَرَسُولُهُ».

*അല്ലാഹുവല്ലാതെ ആരാധ്യനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. നിശ്ചയം മുഹമ്മദ് (ﷺ) അവന്റെ ദൂതനും ദാസനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.*

എന്ന് പറയുകയും ചെയ്താൽ അവന് സ്വർഗ്ഗത്തിന്റെ എട്ട് കവാടങ്ങളും തുറന്ന് കൊടുക്കപ്പെടാതിരിക്കില്ല, അതിൽ ഉദ്ദേശിക്കുന്നതിലൂടെ അവൻ പ്രവേശിക്കും' (മുസ്‌ലിം.) വേറെ ഒരു റിപ്പോർട്ടിൽ പ്രാർത്ഥനയുടെ രൂപത്തിൽ

«اللَّهمَّ اجْعَلْنِي مِن التَّوَّابِينَ وَاجْعَلْنِي مِن المتطَهِّرِينَ».

*(അല്ലാഹുവേ, ധാരാളമായി പശ്ചാത്തപിക്കുന്നവരിൽ എന്നെ നീ ആക്കേണമേ. ശുചിത്വം പാലിക്കുന്നവരിലും എന്നെ നീ ആക്കേണമേ!)* എന്ന് കൂടി അധികരിച്ച് വന്നിട്ടുണ്ട്.

റസൂൽ (സ) പറഞ്ഞു: 'ഒരു മുസ്‌ലിമായ അല്ലെങ്കിൽ മുഅ്മിനായ ദാസൻ വുദൂഇൽ മുഖം കഴുകുമ്പോൾ അവന്റെ കണ്ണിന്റെ നോട്ടം കൊണ്ടുണ്ടായ മുഴുവൻ പാപങ്ങളും വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാന വെള്ളത്തുള്ളിയോടൊപ്പം മുഖത്ത് നിന്നും പോകുന്നു, കൈകൾ കഴുകുമ്പോൾ അവന്റെ കയ്യിന്റെ സ്പർശനം കൊണ്ടുണ്ടായ മുഴുവൻ പാപങ്ങളും വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാന വെള്ളത്തുള്ളിയോടൊപ്പം കൈകളിൽ നിന്നും പോകുന്നു, കാലുകൾ കഴുകുമ്പോൾ അവന്റെ കാല് നടന്ന് പോയ മുഴുവൻ പാപങ്ങളും വെള്ളത്തോടൊപ്പം അല്ലെങ്കിൽ അവസാന വെള്ളത്തുള്ളിയോടൊപ്പം കാലുകളിൽ നിന്നും പോകുന്നു, അങ്ങനെ അവൻ പാപങ്ങളിൽ നിന്നും പരിശുദ്ധനായി പുറത്ത് വരും' (മുസ്‌ലിം).

നബി(സ) രാത്രിയിൽ പതിനൊന്ന് റക്അത്ത് നമസ്കരിക്കാറുണ്ടായിരുന്നു. ആദ്യം നാല് റക്അത്ത് നമസ്കരിക്കും, അതിന്റെ നന്മയേയും ദൈർഘ്യത്തേയും കുറിച്ച് നീ ചോദിക്കേണ്ടതില്ല. വീണ്ടും നാല് റക്അത്ത് നമസ്ക്കരിക്കും. അതിന്റെ നന്മയേയും ദൈർഘ്യത്തേയും കുറിച്ച് ചോദിക്കേണ്ടതില്ല. പിന്നെ മൂന്ന് റക്അത്ത് നമസ്ക്കരിച്ച് വിത്ർ ആക്കും. ശേഷം ബാങ്ക് വിളിക്കുന്നത് വരെ അവിടുന്ന് കിടക്കും. ബാങ്ക് വിളിച്ചാൽ അവിടുന്ന് എഴുന്നേറ്റ് ഒന്നാമത്തെ റക്അത്തിൽ കാഫിറൂനും രണ്ടാമത്തെ റക്അത്തിൽ ഇഖ്‌ലാസും ഓതിക്കൊണ്ട് ലഘുവായ രീതിയിൽ സുബ്ഹിനു മുമ്പുള്ള സുന്നത്ത് നമസ്കരിക്കും. ചിലപ്പോൾ അവിടുന്ന് സുബ്ഹിന്റെ സുന്നത്തിന് ശേഷം വലത്ഭാഗം ചരിഞ്ഞ് കിടക്കുമായിരുന്നു.

അവിടുന്ന് ബാങ്ക് കൊടുക്കുന്നത് കേട്ടാൽ രണ്ട് ഹയ്യലകൾ അല്ലാത്തതിൽ ബാങ്ക് കൊടുക്കുന്നവൻ പറയുന്നത് പോലെ പറയുമായിരുന്നു. രണ്ട് ഹയ്യലകളിൽ لَا حَوْلَ وَلَا قُوَّةَ إِلَّا بالله എന്നായിരുന്നു അദ്ദേഹം പറഞ്ഞിരുന്നത്. ആരെങ്കിലും അത് തന്റെ ഹൃദയത്തിൽ നിന്നാണ് പറഞ്ഞതെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുമെന്നും അവിടുന്ന് അരുൾ ചെയ്തു. ബാങ്കിന് ശേഷം സ്വലാത്ത് ചൊല്ലാൻ അദ്ദേഹം കൽപിച്ചു. റസൂൽ (സ) പറഞ്ഞു: 'ആരെങ്കിലും ബാങ്ക് കേട്ടാൽ

«اللَّهُمَّ رَبَّ هَذِهِ الدَّعْوَةِ التَّامَّةِ وَالصَّلَاةِ الْقَائِمَةِ آتِ محمداً الْوَسِيلَةَ وَالْفَضِيلَةَ وَابْعَثْهُ مقاماً محموداً الَّذِي وَعَدْته».

*ഈ പരിപൂർണമായ പ്രാർത്ഥനയുടേയും ആസന്നമായ നമസ്കാരത്തിന്റേയും ഉടമസ്ഥനായ അല്ലാഹുവേ, മുഹമ്മദ് നബി (ﷺ) ക്ക് വസ്വീല, ഫദീല എന്നീ പദവികൾ നൽകേണമേ! നീ വാഗ്ദാനം ചെയ്ത സ്തുത്യർഹമായ സ്ഥാനത്തേക്ക് അദ്ദേഹത്തെ നീ നിയോഗിക്കുകയും ചെയ്യേണമേ* എന്ന് പറഞ്ഞാൽ അവന് അന്ത്യനാളിൽ എന്റെ ശഫാഅത്ത് ലഭിക്കുന്നതായിരിക്കും' (ബുഖാരി). അവിടുന്ന് വീണ്ടും പറഞ്ഞു: 'ആരെങ്കിലും ബാങ്ക് കൊടുക്കുന്നവനെ കേൾക്കുമ്പോൾ

«أَشْهَدُ أَنْ لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ ، وأَنَّ محمداً عَبْدُهُ وَرَسُولُهُ رَضِيتُ بالله رباً ، وَبِمُحَمَّد رسولاً ، وَبِالْإِسْلَام ديناً».

*ഏകനും പങ്കുകാരില്ലാത്ത അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ് (ﷺ) അല്ലാഹുവിന്റെ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിനെ നാ*

*ഥനായും മുഹമ്മദിനെ ദൂതനായും ഇസ്‌ലാമിനെ മതമായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.* എന്ന് പറഞ്ഞാൽ അവന്റെ കുറ്റങ്ങൾ പൊറുത്ത് കൊടുക്കപ്പെടും' (മുസ്‌ലിം).

പിന്നീട് അവിടുന്ന് നമസ്കാരത്തിന് വേണ്ടി പുറപ്പെടും, ആ സമയത്ത് അദ്ദേഹം

«اللَّهُمَّ اجْعَلْ فِي قَلْبِي نُورًا وَفِي لِسَانِي نُورًا وَفِي سَمْعِي نُورًا وَفِي بَصَرِي نُورًا وَمِنْ فَوْقِي نُورًا وَمِنْ تَحْتِي نُورًا وَعَنْ يَمِينِي نُورًا وَعَنْ شِمَالِي نُورًا وَمِنْ أَمَامِي نُورًا وَمِنْ خَلْفِي نُورًا وَعَظِّمْ لِي نُوراً».

*അല്ലാഹുവേ, എന്റെ ഹൃദയത്തിലും നാവിലും കാതിലും കണ്ണിലും നീ പ്രകാശം നൽകേണമേ! എന്റെ മുകളിലും താഴെയും വലതും ഇടതും ഭാഗങ്ങളിലും എന്റെ മുന്നിലും പിന്നിലും നീ പ്രകാശം നൽകേണമേ! എനിക്ക് പ്രകാശത്തെ മഹത്വപ്പെടുത്തിതരികയും ചെയ്യേണമേ!* എന്ന് പ്രാർത്ഥിക്കുമായിരുന്നു. അവിടുന്ന് പറഞ്ഞു: 'ഇരുട്ടിൽ പള്ളിയിലേക്ക് നടക്കുന്നവർക്ക് പരലോകത്ത് സമ്പൂർണ്ണമായ പ്രകാശം കൊണ്ട് സന്തോഷ വാർത്ത അറിയിക്കുക)'.

റസൂൽ (സ) പള്ളിയിലേക്ക് പ്രവേശിക്കുമ്പോൾ വലത് കാൽ മുന്തിക്കുകയും

أَعُوذُ بِاللهِ الْعَظِيمِ وَسُلْطَانِهِ الْقَدِيمِ مِنَ الشَّيْطَانِ الرَّجِيمِ

*മഹാനായ അല്ലാഹുവെ കൊണ്ടും അവന്റെ അനാദിയായ ആധിപത്യം മുഖേനയും ശപിക്കപ്പെട്ട പിശാചിൽ നിന്ന് ഞാൻ അഭയം ചോദിക്കുന്നു.*

എന്ന് പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടായിരുന്നു. അതോടൊപ്പം അവിടുന്ന് പള്ളിയിൽ പ്രവേശിച്ചാൽ

بِسْمِ الله وَالسَّلَامُ عَلَى رَسُولِ الله اللَّهُمَّ اغْفِرْ لِي ذُنُوبِي وَافْتَحْ لِي أَبْوَابَ رَحْمَتِك

*അല്ലാഹുവിന്റെ നാമത്തിൽ, അള്ളാഹുവിന്റെ ദൂതന്റെ മേൽ രക്ഷയും സമാധാനവും ഉണ്ടാകട്ടെ, അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ നീ എനിക്ക് തുറന്ന് തരേണമേ!* എന്നും പള്ളിയിൽ നിന്ന് പുറത്തിറങ്ങിയാൽ

بِسْمِ الله وَالسَّلَامُ عَلَى رَسُولِ الله ، اَللّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ

*അല്ലാഹുവിന്റെ നാമത്തിൽ, അള്ളാഹുവിന്റെ ദൂതന്റെ മേൽ രക്ഷയും സമാധാനവും ഉണ്ടാകട്ടെ. അല്ലാഹുവേ നിന്റെ ഔദാര്യത്തിൽ നിന്ന് ഞാൻ ചോദിക്കുന്നു.*

എന്നും പ്രാർത്ഥിക്കുമായിരുന്നു. പള്ളിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ

اللَّهُمَّ اعْصِمْنِي مِنَ الشَّيْطَانِ الرَّجِيمِ

*അല്ലാഹുവേ ശപിക്കപ്പെട്ട പിശാചിൽ നിന്നും നീ എന്നെ രക്ഷിക്കേണമേ!* എന്ന് കൂടി പറയാൻ അവിടുന്ന് പ്രേരിപ്പിച്ചിരുന്നു.

# നബി(സ)യുടെ നമസ്കാരം

നബി(സ)ക്ക് നമസ്കാരം കൺകുളിർമയും ആശ്വാസവും പ്രയാസങ്ങളിൽ അഭയ കേന്ദ്രവുമായിരുന്നു. നബി(സ) നമസ്കാരത്തിനായി നിന്നാൽ അവിടുന്ന് മിസ്‌വാക് കൊണ്ട് ദന്ത ശുദ്ധീകരണം വരുത്തുമായിരുന്നു. അവിടുന്ന് നമസ്കരിക്കുമ്പോൾ ഒരു മറ സ്വീകരിച്ചിരുന്നു. മറ ഇല്ലാത്ത സമയത്ത് തന്റെ മുമ്പിൽ ഒരു അമ്പെങ്കിലും മറയായി സ്വീകരിച്ചിരുന്നു. നമസ്കരിക്കുന്നവന്റെ മുന്നിലൂടെ ആരെയും നടക്കാൻ അനുവദിക്കരുതെന്നും അവരെ തടയണമെന്നും അവിടുന്ന് കൽപിച്ചു. അവിടുന്ന് ഖിബ്‌ലക്ക് അഭിമുഖമായി നിന്ന് കൊണ്ട് ഇരു കൈകളും വിരലുകൾ നീട്ടി പിടിച്ച് ചുമലുകൾക്ക് നേരെ ഖിബ്‌ലക്ക് അഭിമുഖമായി ഉയർത്തിക്കൊണ്ട് الله أَكبَرُ എന്ന് പറയുകയും വലത് കൈപ്പടം ഇടത് കൈപ്പത്തിയുടെ പുറംഭാഗത്തായി അവിടുത്തെ നെഞ്ചിൽ വെക്കുകയും ചെയ്യും. അവിടുന്ന് നമസ്കാരം കഴിയുന്നത് വരെ തന്റെ നോട്ടം സുജൂദിന്റെ സ്ഥാനത്തേക്ക് മാത്രമാക്കുകയും ചെയ്യുമായിരുന്നു. കൈ കെട്ടിയ ശേഷം അവിടുന്ന്

«اللَّهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ ، اللَّهُمَّ اغْسِلْنِي مِنْ خَطَايَايَ بِالْمَاءِ وَالثَّلْجِ وَالْبَرَدِ ، اللَّهُمَّ نَقِّنِي مِنَ الذُّنُوبِ وَالْخَطَايَا كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ».

അല്ലാഹുവേ, കിഴക്കിനും പടിഞ്ഞാറിനുമിടയിൽ നീ അകറ്റിയതു പോലെ എന്റെയും എന്റെ പാപങ്ങളുടെയും ഇടയിൽ നീ അകറ്റേണമേ! അല്ലാഹുവേ വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാക്കപ്പെടുന്നതു പോലെ എന്നെ പാപങ്ങളിൽ നിന്ന് നീ ശുദ്ധിയാക്കേണമേ! അല്ലാഹുവേ, എന്നെ പാപങ്ങളിൽ നിന്ന് ആലിപ്പഴം കൊണ്ടും വെള്ളം കൊണ്ടും മഞ്ഞ് കൊണ്ടും കഴുകേണമേ! എന്ന് പ്രാരംഭ പ്രാർത്ഥന ചൊല്ലും. (*വേറെയും പ്രാരംഭ പ്രാർത്ഥനകൾ ഹദീസുകളിൽ വന്നിട്ടുണ്ട് :വിവ) ശേഷം പിശാചിൽ നിന്ന് ശരണം തേടും, ശേഷം ബിസ്മി പതുക്കെ ചൊല്ലും. അങ്ങനെ ഫാതിഹ ഓതുമ്പോൾ ഓരോ ആയത്തും നിർത്തി നിർത്തിയായിരുന്നു ഓതിയിരുന്നത്. അവിടുന്ന് ﴿ٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ﴾ ഓതും, ശേഷം ഒന്ന് നിർത്തും എന്നിട്ട് ﴿ٱلرَّحْمَـٰنِ ٱلرَّحِيمِ﴾ ഓതും, ശേഷം ഒന്ന് നിർത്തും എന്നിട്ട് ﴿مَـٰلِكِ يَوْمِ ٱلدِّينِ﴾ ഓതും, അപ്രകാരം ഫാതിഹയുടെ അവസാനം വരെ തുടരും. അവിടുത്തെ പാരായണം മുഴുക്കെ ഇങ്ങനെ ഒരു ആയത്ത് മറ്റൊരു ആയത്തിലേക്ക് ചേർക്കാതെ നിർത്തിനിർത്തിയാണ് ഓതാറുള്ളത്. അവിടുന്ന് നീട്ടേണ്ട സ്ഥലങ്ങളിൽ നീട്ടിയായിരുന്നു പാരായണം ചെയ്തിരുന്നത്. അങ്ങനെ ഫാതിഹ കഴിഞ്ഞാൽ അവിടുന്ന് ഉച്ചത്തിൽ നീട്ടിക്കൊണ്ട് آمين പറയും. അതോടൊപ്പം ആരുടെയെങ്കിലും آمين മലക്കുകളുടെ آمين മായി യോജിച്ച് വന്നാൽ അവന്റെ മുൻകഴിഞ്ഞ

പാപങ്ങൾ പൊറുക്കപ്പെടുമെന്നും അവിടുന്ന് അരുൾ ചെയ്തു. ഫാതിഹക്ക് ശേഷം പ്രഭാത നമസ്കാരത്തിൽ അവിടുന്ന് മുഫസ്സ്വൽ ആയതിൽ വലിയ (ഖാഫ് മുതൽ മുർസലാത്ത് വരെയുള്ള) സൂറത്തുകളിൽ നിന്നാണ് പാരായണം ചെയ്തിരുന്നത്. അതിൽ തന്നെ അറുപത് മുതൽ നൂറ് വരെ ആയത്തുകൾ പാരായണം ചെയ്യുമായിരുന്നു. എന്നാൽ ചിലപ്പോഴൊക്കെ മുഫസ്സ്വൽ അല്ലാത്ത സൂറത്തുകളും ഓതാറുണ്ട്. ജുമുഅ ദിവസം ഫജ്ർ നമസ്കാരത്തിൽ ആദ്യ റക്അത്തിൽ സൂറത്തു സജദയും രണ്ടാമത്തേതിൽ സൂറത്തു ഇൻസാനുമായിരുന്നു അവിടുന്ന് പാരായണം ചെയ്തിരുന്നത്. ദുഹ്ർ നമസ്കാരത്തിൽ ആദ്യത്തെ രണ്ട് റക്അത്തുകളിൽ ഒന്നാമത്തേതിൽ മുപ്പത് ആയത്തിന് തുല്യമായ ദൈർഘ്യത്തിലും രണ്ടാമത്തേതിൽ അതിന്റെ പകുതി ദൈർഘ്യത്തിലുമാണ് പാരായണം ചെയ്യാറുള്ളത്. അസർ നമസ്കാരത്തിലെണെങ്കിൽ ആദ്യത്തെ രണ്ട് റക്അത്തുകളിൽ ഒന്നാമത്തേതിൽ പതിനഞ്ച് ആയത്തിന് തുല്യമായ ദൈർഘ്യത്തിലും രണ്ടാമത്തേതിൽ അതിന്റെ പകുതി ദൈർഘ്യത്തിലുമാണ് പാരായണം ചെയ്യാറുള്ളത്. അത് പോലെ തന്നെ ദുഹ്റിലും അസ്റിലും അവസാനത്തെ രണ്ട് റക്അത്തുകളിലെ പാരായണം ഫാതിഹയിൽ ഒതുക്കുമായിരുന്നു. ചിലപ്പോഴൊക്കെ ആയത്തുകൾ ഓതുന്നത് കേൾപിക്കുമായിരുന്നു. എന്നാൽ മഗ്രിബ് നമസ്കാരത്തിൽ മുഫസ്സ്വലുകളിൽ ചെറിയ (ദുഹാ മുതൽ നാസ് വരെയുള്ള) സൂറത്തുകൾ ആയിരുന്നു ഓതിയിരുന്നത്. എന്നാൽ ചിലപ്പോഴൊക്കെ അതല്ലാത്ത തൂർ, അഅ്റാഫ് പോലെയുള്ള സൂറത്തുകളും പാരായണം ചെയ്തിരുന്നു. ഇശാ നമസ്കാരത്തിൽ മുഫസ്സ്വലുകളിൽ മധ്യമ

മായ സൂറത്തുകളാണ് അവിടുന്ന് പാരായണം ചെയ്തിരുന്നത്.

പാരായണത്തിൽ നിന്നും വിരമിച്ച് കഴിഞ്ഞാൽ അവിടുന്ന് ഇരു കൈകളും ഉയർത്തി തക്ബീർ ചൊല്ലിക്കൊണ്ട് റുകൂഅ് ചെയ്യും, റുകൂഇൽ തന്റെ രണ്ട് കൈപ്പത്തികളും വിരലുകൾ അകറ്റിക്കൊണ്ട് കാൽ മുട്ടിൽ പിടിക്കുന്നത് പോലെ വെക്കുകയും കൈ മുട്ടുകൾ തന്റെ ശരീരത്തിൽ നിന്ന് അകറ്റുകയും തന്റെ തല അധികം പൊക്കുകയോ അധികം താഴ്ത്തുകയോ ചെയ്യാതെ അതിനിടയിലുള്ള ഒരു അവസ്ഥയിൽ മുതുക് നീട്ടി സമമാക്കി വെക്കുകയും ചെയ്യുമായിരുന്നു. റുകൂഇൽ

«سُبْحَانَ رَبِّيَ الْعَظِيمِ».

*(മഹാനായ എന്റെ നാഥന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.)*

എന്ന് മൂന്ന് പ്രാവശ്യം പറയുമായിരുന്നു. ചിലപ്പോൾ അതിൽ കൂടുതൽ തവണ ആവർത്തിക്കുകയും ചെയ്യും. ചില സമയങ്ങളിൽ

«سُبُّوحٌ قُدُّوسٌ رَبُّ الْمَلَائِكَةِ وَالرُّوحِ».

*ജിബ്രീലിന്റെയും ഇതരമലക്കുകളുടെയും നാഥൻ ഏറെ പരി ശുദ്ധൻ.*

എന്ന് കൂടി പ്രാർത്ഥന അധികരിപ്പിക്കുമായിരുന്നു. അവിടുന്ന്

«سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ، اللَّهُمَّ اغْفِرْ لِي».

*ഞങ്ങളുടെ നാഥനായ അല്ലാഹുവേ, നിന്നെ സ്തുതിക്കുന്ന*

*തോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ എനിക്ക് പാപമോചനം നൽകേണമേ!*

എന്ന് പ്രാർത്ഥിക്കുകയും ഇത് അവിടുന്ന് തന്റെ സുജൂദിലും റുകൂഇലും അധികരിപ്പിക്കുകയും ചെയ്യുമായിരുന്നു. അവിടുന്ന് പറഞ്ഞു: 'അറിയുക, സുജൂദിലും റുകൂഇലും ഖുർആൻ പാരായണം ഞാൻ വിലക്കിയിരിക്കുന്നു. എന്നാൽ റുകൂഇൽ റബ്ബിനെ മഹത്വപ്പെടുത്തുക. സുജൂദിൽ നിങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുക, അത് നിങ്ങൾക്ക് പ്രാർത്ഥനക്ക് ഉത്തരം കിട്ടാൻ സഹായകമാകും'

ശേഷം അവിടുന്ന് കൈകൾ ഉയർത്തി سَمِعَ الله لِمَنْ حَمِدَهُ എന്ന് പറഞ്ഞു കൊണ്ട് തന്റെ റുകൂഇൽ നിന്നും മുതുക് ഉയർത്തും. നേരെ നിൽക്കുന്ന സമയത്ത് അവിടുന്ന് رَبَّنَا وَلَك الْحَمْدُ എന്ന് പറയുമായിരുന്നു. ചിലപ്പോൾ و ഒഴിവാക്കി رَبَّنَا لَكَ الْحَمْدُ എന്നായിരുന്നു പറഞ്ഞിരുന്നത്. മറ്റുചിലപ്പോൾ و ഒഴിവാക്കിയോ ഒഴിവാക്കാതെയോ ആദ്യത്തിൽ اللهم എന്ന് കൂടി കൂട്ടിചേർത്ത് പറഞ്ഞിരുന്നു. അവിടുന്ന് പറഞ്ഞു: 'ഇമാം സമിഅല്ലാഹു ലിമൻ ഹമിദ എന്ന് പറഞ്ഞാൽ നിങ്ങൾ اللّهمّ رَبَّنَا وَلَك الْحَمْدُ എന്ന് പറയുക, ആരുടെയെങ്കിലും വാക്ക് മലക്കുകളുടെ വാക്കുകളുമായി യോജിച്ച് വന്നാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും.' ആരെങ്കിലും അതിനു ശേഷം حمداً كثيراً طيباً مباركاً فيه എന്ന് കൂടി പറഞ്ഞാൽ അത് ആദ്യം രേഖപ്പെടുത്താൻ വേണ്ടി മുപ്പതിൽ പരം മലക്കുകൾ മത്സരിക്കുന്നത് ഞാൻ കണ്ടു എന്ന് റസൂൽ(സ) വിവരിച്ച് കൊടുത്തു. ചിലപ്പോൾ

«مِلْءَ السَّمَوَاتِ وَالأَرْضِ، وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ». [صحيح مسلم].

*ആകാശങ്ങളിലും ഭൂമിയിലും ശേഷം നീ ഉദ്ദേശിച്ച എല്ലായിടത്തും നിറയെയുള്ള (സ്തുതിയും) നിനക്കാണ്.* എന്നായിരുന്നു അധികരിപ്പിച്ചിരുന്നത്.

ശേഷം അവിടുന്ന് തക്ബീർ ചൊല്ലിക്കൊണ്ട് സുജൂദ് ചെയ്യും. സുജൂദിൽ അവിടുന്ന് തന്റെ മൂക്കും നെറ്റിയും നിലത്ത് ചേർത്ത് വെക്കും, തന്റെ കൈപ്പത്തി വിരലുകൾ ചേർത്ത് പിടിച്ച് വിരിച്ച് ഖിബ്‌ലക്ക് അഭിമുഖമായി ചുമലുകൾക്ക് നേരെയോ ചെവികൾക്ക് നേരെയോ വെച്ച് കൊണ്ട് അതിൽ ഊന്നും. അവിടുന്ന് തന്റെ കാൽപ്പാദങ്ങളുടെ അറ്റവും (വിരലുകൾ) കാൽമുട്ടുകളും നിലത്ത് ചേർത്ത് വെക്കുകയും കാൽ വിരലുകൾ ഖിബ്‌ലക്ക് അഭിമുഖമാക്കുകയും ചെയ്യുമായിരുന്നു. അവിടുന്ന് തന്റെ തുടകളും കണങ്കാലുകളും തമ്മിലും തുടകളും വയറും തമ്മിലും അകറ്റി വെക്കും, പിന്നിൽ നിൽക്കുന്നവർ അവിടുത്തെ കക്ഷത്തിന്റെ വെളുപ്പ് കാണുമാറ് ഇരു കൈകളും അവിടുത്തെ പാർശ്വത്തിൽ നിന്നും അകറ്റി വെക്കുമായിരുന്നു. അദ്ദേഹം തന്റെ സുജൂദിൽ

«سُبْحَانَ رَبِّيَ الأَعْلَى». [صحيح البخاري]

*അത്യുന്നതനായ എന്റെ നാഥന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു.*

എന്ന് മൂന്ന് പ്രാവശ്യം പറയും. ചിലപ്പോൾ അതിലധികം എണ്ണവും ആവർത്തിക്കാറുണ്ട്. അത് പോലെ റുകൂഇൽ

അധികമായി നാം പ്രതിപാദിച്ച ദിക്റുകളും അവിടുന്ന് ചൊല്ലാറുണ്ട്. അവിടുന്ന് തന്റെ സുജൂദിൽ

«اللَّهُمَّ اغْفِرْ لِي ذَنْبِي كُلَّهُ: دِقَّهُ وَجِلَّهُ، وَأَوَّلَهُ وَآخِرَهُ، وَعَلاَنِيَتَهُ وَسِرَّهُ». [صحيح مسلم].

*അല്ലാഹുവേ, ചെറുതും വലുതും ആദ്യത്തേതും അവസാനത്തേതും പരസ്യവും രഹസ്യവുമായ എന്റെ എല്ലാ പാപങ്ങളും നീ പൊറുത്തു തരേണമേ!* എന്നും

«اللَّهُمَّ لَكَ سَجَدْتُ، وَبِكَ آمَنْتُ، وَلَكَ أَسْلَمْتُ، سَجَدَ وَجْهِي لِلَّذِي خَلَقَهُ وَصَوَّرَهُ، وَشَقَّ سَمْعَهُ وَبَصَرَهُ، تَبَارَكَ اللهُ أَحْسَنُ الْخَالِقِينَ». [صحيح مسلم]

*അല്ലാഹുവേ, നിനക്ക് ഞാനിതാ സാഷ്ടാംഗം ചെയ്തിരിക്കുന്നു. നിന്നെ വിശ്വസിക്കുകയും നിനക്ക് കീഴ്പെടുകയും ചെയ്തിരിക്കുന്നു. സൃഷ്ടിക്കുകയും രൂപം നൽകുകയും കണ്ണും കാതും കീറുകയും ചെയ്തവന് എന്റെ മുഖം സാഷ്ടാംഗം ചെയ്തിരിക്കുന്നു. സൃഷ്ടിക്കുന്നവനിൽ ഉത്തമനായ അല്ലാഹു അനുഗ്രഹീതനായിരിക്കുന്നു.* എന്നും

«اللَّهُمَّ إِنِّي أَعُوذُ بِرِضَاكَ مِنْ سَخَطِكَ، وَبِمُعَافَاتِكَ مِنْ عُقُوبَتِكَ، وَأَعُوذُ بِكَ مِنْكَ، لاَ أُحْصِي ثَنَاءً عَلَيْكَ، أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِكَ». [صحيح مسلم].

*അല്ലാഹുവേ, നിശ്ചയം ഞാനിതാ നിന്റെ പ്രീതി കൊണ്ട് നിന്റെ കോപത്തിൽ നിന്നും, നിന്റെ വിട്ടുവീഴ്ച കൊണ്ട് നിന്റെ ശിക്ഷയിൽ നിന്നും അഭയം തേടുന്നു. നിന്നിൽ നിന്നുള്ള എല്ലാ വിഷമങ്ങളിൽ നിന്നും നിന്നോട് ഞാൻ കാവൽ തേടുന്നു. നിന്റെ മേലുള്ള സ്തുതിയെ കണക്കാക്കാൻ എനിക്ക്*

*കഴിയില്ല. നീ നിന്നെക്കുറിച്ച് പ്രകീർത്തിച്ചത് എങ്ങിനെയാണോ അങ്ങിനെയാണ്*

എന്നുമൊക്കെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. അവിടുന്ന് പറഞ്ഞു: 'ഒരു ദാസൻ തന്റെ രക്ഷിതാവുമായി ഏറ്റവും അടുത്ത് നിൽക്കുന്നത് അവൻ സുജൂദിൽ ആയിരിക്കുമ്പോഴാണ്, അതിനാൽ നിങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുക.'

ശേഷം അദ്ദേഹം തക്ബീർ ചൊല്ലിക്കൊണ്ട് നേരെ ഇരിക്കും. ആ ഇരുത്തത്തിൽ അവിടുന്ന് തന്റെ ഇടത് കാൽ വിരിച്ച് വെച്ച് അതിൽ ഇരിക്കുകയും വലത് കാൽ നാട്ടി അതിലെ വിരലുകൾ ഖിബ്ലക്ക് അഭിമുഖമാക്കുകയും തന്റെ കൈപ്പത്തികൾ തുടയിലോ മുട്ടുകളിലോ വെക്കുകയും ശേഷം

«رَبِّ اغْفِرْ لِي، وَارْحَمْنِي، وَاجْبُرْنِي، وَارْفَعْنِي، وَاهْدِنِي، وَعَافِنِي، وَارْزُقْنِي». [صحيح أبي داود والترمذي للألباني].

*നാഥാ എനിക്ക് പൊറുത്ത് തരണേ! എന്നോട് കരുണ കാണിക്കണേ! എന്റെ കാര്യങ്ങൾ പരിഹരിക്കണേ! എന്നെ ഉയർത്തേണമേ! എന്നെ നേർവഴിയിലാക്കണേ! എനിക്ക് സൗഖ്യം നൽകണേ! എനിക്ക് ഉപജീവനം തരേണമേ!* എന്നും ചിലപ്പോൾ

«رَبِّ اغْفِرْ لِي، رَبِّ اغْفِرْ لِي». [صحيح ابن ماجه للألباني].

*നാഥാ എനിക്ക് പൊറുത്ത് തരണേ!* എന്നും പറയുകയും ചെയ്യുമായിരുന്നു. അങ്ങനെ അവിടുന്ന് ആ ഇരുത്തം സുജൂദിന്റെ അത്രയും ദീർഘിപ്പിക്കും. ശേഷം വീണ്ടും ആദ്യം

സുജൂദ് ചെയ്തത് പോലെ സുജൂദ് ആവർത്തിക്കുകയും രണ്ടാമത്തെ റക്അത്തിലേക്ക് എഴുന്നേൽക്കുകയും ചെയ്യും.

തശഹ്ഹുദിന്റെ ഇരുത്തത്തിൽ അദ്ദേഹം വലത് കൈപ്പത്തി തന്റെ തുടയിലോ മുട്ടിലോ വെക്കുകയും ചൂണ്ടുവിരൽ ഖിബ്ലയിലേക്ക് ചൂണ്ടുകയും അത് കൊണ്ട് മാടിവിളിക്കുന്നത് പോലെ ഇളക്കുകയും തന്റെ നോട്ടം അതിലേക്ക് ആക്കുകയും ചെയ്യുമായിരുന്നു. ബാക്കി വിരലുകൾ അവിടുന്ന് ചുരുട്ടി പിടിക്കുകയും അല്ലെങ്കിൽ തള്ള വിരലും നടുവിരലും വൃത്തത്തിൽ പിടിക്കുകയും ചെയ്യാറുണ്ട്. ഇടത് കൈപ്പത്തി തുടയിലോ മുട്ടിലോ പരത്തി വെക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ തശഹ്ഹുദിലെ പ്രാർത്ഥനയായി വന്ന ഒരു രൂപം ഇങ്ങനെയാണ്:

«التَّحِيَّاتُ لله، وَالصَّلَوَاتُ، وَالطَّيِّبَاتُ، السَّلاَمُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ الله وَبَرَكَاتُهُ، السَّلاَمُ عَلَيْنَا وَعَلَى عِبَادِ الله الصَّالِحِينَ، أَشْهَدُ أَنْ لاَ إِلَهَ إِلاَّ الله، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ». [صحيح البخاري].

*എല്ലാ തിരിമുൽകാഴ്ചകളും അല്ലാഹുവിനാണ്. നല്ലതും വിശിഷ്ടമായതും (അവനാണ്). നബിയേ അങ്ങേക്ക് അല്ലാഹുവിന്റെ സമാധാനവും കാരുണ്യവും അവന്റെ അനുഗ്രഹങ്ങളും ഉണ്ടാകട്ടെ. ഞങ്ങൾക്കും അല്ലാഹുവിന്റെ സദ്വൃത്തരായ ദാസൻമാർക്കും സമാധാനമുണ്ടാവട്ടെ. അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.*

ശേഷം താഴെ പറയുന്ന രൂപത്തിൽ അവിടുന്ന് സ്വലാത്ത് ചൊല്ലും:

«اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ، إِنَّكَ حَمِيدٌ مَجِيدٌ. اللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ، إِنَّكَ حَمِيدٌ مَجِيدٌ». [صحيح البخاري]

*അല്ലാഹുവേ, ഇബറാഹീമിനും കുടുംബത്തിനും നീ ഗുണം ചെയ്ത പോലെ മുഹമ്മദ് നബി(ﷺ) ക്കും കുടുംബത്തിനും നീ ഗുണം ചെയ്യേണമേ! നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ്. അല്ലാഹുവേ, ഇബ്റാഹീമിനേയും കുടുംബത്തേയും നീ അനുഗ്രഹിച്ചത് പോലെ മുഹമ്മദ് നബി (ﷺ) ക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ! നിശ്ചയം നീ സ്തുതിക്കപ്പെട്ടവനും ഉന്നതനുമാണ്.*

നബി(സ) മൂന്നാം റക്അത്തിലേക്ക് എഴുന്നേൽക്കുമ്പോൾ തക്ബീർ ചൊല്ലുകയും കൈകൾ ഉയർത്തുകയും ചെയ്യാറുണ്ട്. അവസാന തശഹ്ഹുദിൽ അവിടുന്ന് ആദ്യ തശഹ്ഹുദിൽ ചെയ്തത് പോലെ തന്നെയാണ് ചെയ്തിരുന്നത് എങ്കിലും ഇരുത്തത്തിൽ ചെറിയ മാറ്റമുണ്ടായിരുന്നു. രണ്ടാമത്തെ തശഹ്ഹുദിൽ അവിടുന്ന് തവർറുകിന്റെ ഇരുത്തം അഥവാ വലത് കാൽ നാട്ടി വെച്ച് ഇടത് കാൽ തന്റെ തുടയുടെയും വലത് കണങ്കാലിന്റെയും താഴെ ആക്കി നിലത്ത് ഇരിക്കുന്ന രീതിയാണ് സ്വീകരിച്ചിരുന്നത്. അവിടുന്ന് പറഞ്ഞു: 'നിങ്ങളിലൊരാൾ തശഹ്ഹുദിൽ നിന്നും പിരിഞ്ഞാൽ അവൻ നാല് കാര്യങ്ങളെ തൊട്ട് അല്ലാഹുവോട് ശരണം തേടിക്കൊള്ളട്ടെ, അവിടുന്ന് പറഞ്ഞു:

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ جَهَنَّمَ، وَمِنْ عَذَابِ الْقَبْرِ، وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ، وَمِنْ فِتْنَةِ الْمَسِيحِ الدَّجَّالِ». [صحيح مسلم].

*അല്ലാഹുവേ, നരക ശിക്ഷയിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും ജീവിതത്തിലും മരണത്തിലുമുണ്ടാകുന്ന പരീക്ഷണങ്ങളിൽ നിന്നും മസീഹുദ്ദജ്ജാലിന്റെ ഉപദ്രവങ്ങളിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു.*

ശേഷം അവിടുന്ന് തനിക്ക് അനുയോജ്യമായി തോന്നുന്നത് പ്രാർത്ഥിക്കും. അബൂബക്കർ (റ) വിനെ അവിടുന്ന് പഠിപ്പിച്ചത് ഇപ്രകാരമാണ്:

«اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا، وَلاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ، فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ، وَارْحَمْنِي، إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ». [صحيح البخاري]

*അല്ലാഹുവേ, ഞാൻ എന്റെ ആത്മാവിനോട് അനേകം അക്രമങ്ങൾ ചെയ്തു പോയിട്ടുണ്ട്. പാപങ്ങൾ പൊറുക്കാൻ നീയല്ലാതെയില്ല. അതിനാൽ നിന്റെ അടുത്ത് നിന്നുള്ള പാപമോചനം എനിക്ക് ചെയ്ത് തരികയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ! നിശ്ചയം നീ കൂടുതൽ പൊറുക്കുന്നവനും കാരുണ്യവാനുമാണല്ലോ?*

മുആദ് (റ) വിനോട് എല്ലാ നമസ്കാരങ്ങളുടെയും അവസാനം പ്രാർത്ഥിക്കാനായി അവിടുന്ന് ഉപദേശിച്ചത് ഇപ്രകാരമാണ്:

«اللَّهُمَّ أَعِنِّي عَلَى ذِكْرِكَ وَشُكْرِكَ وَحُسْنِ عِبَادَتِكَ». [صحيح أبي داود للألباني].

*അല്ലാഹുവേ, നിന്നെ സ്മരിക്കാനും നിന്നോട് നന്ദി കാണിക്കാ*

*നും നിനക്ക് നല്ല രൂപത്തിൽ ഇബാദത്ത് ചെയ്യാനും എന്നെ നീ സഹായിക്കേണമേ!*

തശഹ്ഹുദിന്റെയും സലാമിന്റെയും ഇടയിൽ അവിടുന്ന് അവസാനമായി പറഞ്ഞത് ഇപ്രകാരമായിരുന്നു:

«اللَّهُمَّ اغْفِرْ لِي مَا قَدَّمْتُ وَمَا أَخَّرْتُ، وَمَا أَسْرَرْتُ وَمَا أَعْلَنْتُ، وَمَا أَسْرَفْتُ، وَمَا أَنْتَ أَعْلَمُ بِهِ مِنِّي، أَنْتَ الْمُقَدِّمُ، وَأَنْتَ الْمُؤَخِّرُ، لاَ إِلَهَ إِلاَّ أَنْتَ». [صحيح مسلم].

*അല്ലാഹുവേ, ഞാൻ മുന്തിച്ചു ചെയ്തതും പിന്തിച്ചു ചെയ്തതും രഹസ്യമായും പരസ്യമായും അമിതമായും ചെയ്ത് പോയതും എന്നേക്കാൾ കൂടുതൽ നിനക്ക് അറിയാവുന്നതുമായ എന്റെ എല്ലാ പാപങ്ങളും നീ എനിക്ക് പൊറുത്ത് തരേണമേ! നീയാണ് മുന്തിക്കുന്നവനും പിന്തിക്കുന്നവനും. നീയല്ലാതെ ഒരാരാധ്യനുമില്ല.*

ശേഷം അവിടുന്ന് തന്റെ കവിളിന്റെ വെളുപ്പ് കാണപ്പെടുന്നത് വരെ വലത് ഭാഗത്തേക്ക് തിരിഞ്ഞ് السلام عليكم ورحمة الله എന്ന് പറഞ്ഞുകൊണ്ട് സലാം വീട്ടും. ശേഷം അതെ പോലെ ഇടത് ഭാഗത്തേക്കും തിരിഞ്ഞ് കൊണ്ട് സലാം വീട്ടും.

അവിടുന്നു തന്റെ നമസ്കാരത്തിൽ നിന്നും വിരമിച്ചാൽ أستغفر الله എന്ന് മൂന്ന് പ്രാവശ്യം പറയും, ശേഷം

«اللَّهُمَّ أَنْتَ السَّلاَمُ، وَمِنْكَ السَّلاَمُ، تَبَارَكْتَ يَا ذَا الْجَلاَلِ وَالإِكْرَامِ». [صحيح مسلم].

*അല്ലാഹുവേ, നീയാണ് സമാധാനം, നിന്നിൽ നിന്നാണ് സമാധാനം. ഉന്നതിയും മഹത്വവുമുള്ളവനേ നീ അനുഗ്രഹീതനായിരിക്കുന്നു*

എന്നും അതിനുശേഷം

«لاَ إِلَهَ إِلاَّ الله وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ. اللَّهُمَّ لاَ مَانِعَ لِـمَا أَعْطَيْتَ، وَلاَ مُعْطِيَ لِـمَا مَنَعْتَ، وَلاَ يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ».

[صحيح البخاري].

*അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരി ല്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. അല്ലാഹുവേ, നീ നൽകുന്നത് തടയുന്നവനില്ല. നീ തടയുന്നത് നൽകുന്നവനുമില്ല. നിന്റെ അടുക്കൽ ധനമുള്ള വന്റെ ധനം ഉപകരിക്കുകയില്ല.* എന്നും ശേഷം

«لاَ إِلَهَ إِلاَّ الله وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ. وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِالله. لاَ إِلَهَ إِلاَّ الله، وَلاَ نَعْبُدُ إِلاَّ إِيَّاهُ، لَهُ النِّعْمَةُ وَلَهُ الْفَضْلُ وَلَهُ الثَّنَاءُ الْحَسَنُ، لاَ إِلَهَ إِلاَّ الله ، مُخْلِصِينَ لَهُ الدِّينَ، وَلَوْ كَرِهَ الْكَافِرُونَ». [صحيح مسلم].

*അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കു കാരില്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാറ്റിനും കഴിവുള്ളവനാ ണ്. അല്ലാഹുവെ കൊണ്ടല്ലാതെ ഒരു കഴിവും ശേഷിയുമില്ല. അല്ലാഹുവല്ലാതെ ആരാധ്യനുമില്ല. അവനെയല്ലാതെ ഞങ്ങൾ ആരാധിക്കുന്നുമില്ല. അനുഗ്രഹവും ഔദാര്യവും അവന്റേതാണ്. ഉത്തമമായ സ്തുതികൾ അവനുണ്ട്.അല്ലാഹുവല്ലാതെ ആരാധ്യനി ല്ല. വണക്കം അവന് നിഷ്കളങ്കമാക്കുന്നവരിലാണ് ഞാൻ. സത്യ നിഷേധികൾ വെറുപ്പ് പ്രകടിപ്പിച്ചാലും.* എന്നും ശേഷം

«رَبِّ قِنِي عَذَابَكَ يَوْمَ تَبْعَثُ عِبَادَكَ». [صحيح مسلم].

*ഞങ്ങളുടെ നാഥാ, നിന്റെ അടിയാന്മാരെ പുനർജീവിപ്പിക്കുന്ന നാളിലെ നിന്റെ ശിക്ഷയിൽ നിന്നും നീ ഞങ്ങളെ കാത്ത് രക്ഷിക്കേണമേ*

എന്നും പറയുമായിരുന്നു. അതോടൊപ്പം നമസ്കാര ശേഷം سبحان الله، الحمد لله، الله أكبر എന്നിവ മുപ്പത്തിമൂന്ന് പ്രാവശ്യം ചൊല്ലാനും

«لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ». [صحيح مسلم].

*അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് രാജാധിപത്യം. അവനാണ് സർവ്വ സ്തുതിയും. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്.*

എന്ന് ഒരു പ്രാവശ്യം ചൊല്ലിക്കൊണ്ട് നൂറ് തികക്കാനും അവിടുന്ന് തന്റെ അനുയായികളെ പ്രേരിപ്പിച്ചു. അതിന്റെ പ്രതിഫലമായി 'കടലിലെ നുരയോളം ഉണ്ടെങ്കിലും അവന്റെ പാപങ്ങൾ പൊറുക്കപ്പെടും' എന്നും അവിടുന്ന് പഠിപ്പിച്ച് തന്നു. അവിടുന്ന് ദിക്റുകൾ കൊണ്ട് ശബ്ദം ഉയർത്താറുണ്ടായിരുന്നു, തസ്ബീഹുകൾ തന്റെ കൈ കൊണ്ടായിരുന്നു അദ്ദേഹം എണ്ണം പിടിച്ചിരുന്നത്. 'ആരെങ്കിലും എല്ലാ നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷവും ആയത്തുൽ കുർസി പാരായണം ചെയ്താൽ അവന് സ്വർഗ പ്രവേശനത്തിന് തടസം മരണം മാത്രമാണ്' എന്ന് അവിടുന്ന് പഠിപ്പിച്ചു. നമസ്കാര ശേഷം

മുഅവ്വിദാത്തുക്കൾ (സൂ.ഇഖ്ലാസ്, ഫലഖ്, നാസ്) പാരായണം ചെയ്യാനും അദ്ദേഹം കൽപ്പിച്ചു.

സുബ്ഹി നമസ്കാരത്തിൽ നിന്നും സലാം വീട്ടിയാൽ അവിടുന്ന്

«اللَّهُمَّ إِنِّي أَسْأَلُكَ عِلْمًا نَافِعًا، وَرِزْقًا طَيِّبًا، وَعَمَلاً مُتَقَبَّلاً». [صحيح ابن ماجه للألباني].

*അല്ലാഹുവേ, ഉപകരിക്കുന്ന വിജ്ഞാനവും വിശിഷ്ടമായ ഉപജീവനവും സ്വീകരിക്കപ്പെടുന്ന കർമ്മങ്ങളും നിന്നോട് ഞാൻ ചോദിക്കുന്നു.*

എന്ന് പറയാറുണ്ടായിരുന്നു. അവിടുന്ന് പറഞ്ഞു: ആരെങ്കിലും സുബ്ഹി, മഗ്രിബ് എന്നീ നമസ്കാരങ്ങൾക്ക് ശേഷം അതെ ഇരിപ്പിൽ പത്ത് പ്രാവശ്യം

«لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ ، وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ».

*അല്ലാഹു അല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് രാജാധിപത്യം. എല്ലാ സ്തുതിയും അവനാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.*

എന്ന് പറഞ്ഞാൽ അല്ലാഹു അത് ഓരോന്നിനും അവന് പത്ത് പ്രതിഫലം രേഖപ്പെടുത്തും, അവനിൽ നിന്ന് പത്ത് പാപങ്ങൾ മായ്ച്ച് കളയും, പത്ത് പദവികൾ അവനെ ഉയർത്തും, എല്ലാ

തിന്മകളിൽ നിന്നും അത് അഭയമാണ്, ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്നും അത് അഭയമാണ്.

നബി(സ) അഞ്ച് നേര നമസ്കാരം കാത്ത് സൂക്ഷിക്കുമായിരുന്നു. അല്ലാഹു തന്റെ ദാസന്മാരുടെ മേൽ പകലിലും രാത്രിയിലുമായി നിർബന്ധമാക്കിയ കാര്യമാണ് അതെന്ന് അവിടുന്ന് അറിയിച്ച് തന്നു, അഞ്ച് നേര നമസ്കാരം കൊണ്ട് അല്ലാഹു പാപങ്ങൾ മായ്ച്ച് തരുമെന്നും ആരെങ്കിലും വുദൂഉം ഭയഭക്തിയും റുകൂഉ മൊക്കെ നന്നാക്കിയാണ് അത് നിർവഹിച്ചത് എങ്കിൽ അത് അവന് വൻ പാപങ്ങളല്ലാത്തതിന് പ്രായശ്ചിത്തമാണെന്നും അവിടുന്ന് അറിയിച്ച് തന്നു. ആരെങ്കിലും നമസ്കാരം ഉപേക്ഷിച്ചാൽ അവൻ സത്യ നിഷേധിയായെന്നും അവിടുന്ന് പഠിപ്പിച്ച് തന്നു.

പള്ളിയിൽ വെച്ചുള്ള സംഘടിത നമസ്കാരത്തിന് അവിടുന്ന് പ്രത്യേകം താത്പര്യപ്പെട്ടിരുന്നു. അവിടുന്ന് പറഞ്ഞു: 'ഒരാളുടെ ജമാഅത്ത് നമസ്കാരം അവൻ അവന്റെ വീട്ടിൽ നിന്നോ അങ്ങാടിയിൽ നിന്നോ നമസ്കരിക്കുന്നതിനേക്കാൾ ഇരുപത്തഞ്ച് ഇരട്ടി പ്രതിഫലാർഹമാണ്, അങ്ങനെ അയാൾ അയാളുടെ വീട്ടിൽ നിന്നും വുദു എടുക്കുകയും ആ വുദു നന്നാക്കുകയും ചെയ്ത ശേഷം പള്ളിയിലേക്ക് പുറപ്പെട്ടു, നമസ്കാരം മാത്രമാണ് അവനെ പുറത്തിറക്കിയത് എങ്കിൽ, അവന്റെ ഓരോ ചവിട്ടടിയും അവൻ വെക്കുമ്പോൾ അവന്റെ പദവി ഉയർത്തപ്പെടുകയും പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യും. അവൻ നമസ്കരിച്ചാൽ അവൻ ആ നമസ്കാര സ്ഥലത്ത് ഉള്ള സമയമത്രയും മലക്കുകൾ അവന് വേണ്ടി പ്രാർത്ഥിക്കും, 'അല്ലാഹുവേ അവന് നീ പൊറുത്ത് കൊടുക്കേണ

മേ, അല്ലാഹുവേ അവന് നീ കാരുണ്യം ചൊരിയേണമേ' എന്ന് അവർ പറയും. നമസ്കാരം കാത്തിരിക്കുന്ന സമയമത്രയും അവൻ നമസ്കാരത്തിലായിരിക്കും. 'പള്ളിയിൽ ജമാഅത്ത് ന മസ്കാരത്തിന് ഹാജരാകാത്തവരുടെ വീടുകൾ കരിച്ച് കളയാൻ അവിടുന്ന് ഉദ്ദേശിക്കുകയും ചെയ്തിരുന്നു. റസൂൽ(സ) പ റഞ്ഞു: 'ഇശാ നമസ്കാരം സംഘടിതമായി നമസ്കരിക്കുന്നവൻ അർദ്ധരാത്രി വരെ നമസ്കരിച്ചവനെ പോലെയാണ്. സുബ്ഹ് നമസ്കാരം ജമാഅത്തായി നമസ്കരിച്ചവൻ രാത്രി മുഴുവൻ നമസ്കരിച്ചവനെപ്പോലെയാണ്. സുബ്ഹിയും അസ്റും നമസ്കരിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കുമെന്നും അവിടുന്ന് പഠിപ്പിച്ച് തന്നു.

റവാത്തിബ് സുന്നത്ത് (ഫർദ് നമസ്കാരത്തോടൊപ്പമുള്ള സുന്നത്ത്) നമസ്കാരങ്ങൾ അവിടുന്ന് കാത്ത് സൂക്ഷിക്കാറു ണ്ടായിരുന്നു. ഇബ്നു ഉമർ(റ) പറഞ്ഞു: 'നബി(സ)യിൽ നിന്നും ഞാൻ പത്ത് റക്അത്തുകൾ പഠിച്ചു; ദുഹ്റിന് മുമ്പ് രണ്ട് റക്അത്ത്, ശേഷം രണ്ട് റക്അത്ത്, മഗ്രിബിന് ശേഷം അവിടുത്തെ വീട്ടിൽ വെച്ച് രണ്ട് റക്അത്ത്, ഇശാഇനു ശേഷം അവിടുത്തെ വീട്ടിൽ വെച്ച് രണ്ട് റക്അത്ത് , സുബ്ഹിനു മുമ്പ് രണ്ട് റക്അത്ത്.മറ്റു ചിലപ്പോൾ ദുഹ്റിന് മുമ്പ് അവിടുത്തെ വീട്ടിൽ വെച്ച് നാല് റക്അത്ത് നമസ്കരിക്കാറുണ്ടായിരുന്നു. മഗ്രിബിന്റെയും സുബ്ഹിന്റെയും സുന്നത്തിൽ അവിടുന്ന് സൂറത്തുൽ കാഫിറൂനും ഇഖ്ലാസുമായിരുന്നു പാരായണം ചെയ്തിരുന്നത്. എന്നാൽ മറ്റു ചിലപ്പോൾ സുബ്ഹിന്റെ സുന്നത്തിൽ ആദ്യ റക്അത്തിൽ

﴿قُولُوٓاْ ءَامَنَّا بِٱللَّهِ وَمَآ أُنزِلَ إِلَيۡنَا وَمَآ أُنزِلَ إِلَىٰٓ إِبۡرَٰهِـۧمَ وَإِسۡمَٰعِيلَ وَإِسۡحَٰقَ وَيَعۡقُوبَ وَٱلۡأَسۡبَاطِ وَمَآ أُوتِيَ مُوسَىٰ وَعِيسَىٰ وَمَآ أُوتِيَ ٱلنَّبِيُّونَ مِن رَّبِّهِمۡ لَا نُفَرِّقُ بَيۡنَ أَحَدٖ مِّنۡهُمۡ وَنَحۡنُ لَهُۥ مُسۡلِمُونَ﴾ [البقرة: ١٣٦]

എന്ന ആയത്തും രണ്ടാം റക്അത്തിൽ

﴿قُلۡ يَٰٓأَهۡلَ ٱلۡكِتَٰبِ تَعَالَوۡاْ إِلَىٰ كَلِمَةٖ سَوَآءِۭ بَيۡنَنَا وَبَيۡنَكُمۡ أَلَّا نَعۡبُدَ إِلَّا ٱللَّهَ وَلَا نُشۡرِكَ بِهِۦ شَيۡـٔٗا وَلَا يَتَّخِذَ بَعۡضُنَا بَعۡضًا أَرۡبَابٗا مِّن دُونِ ٱللَّهِۚ فَإِن تَوَلَّوۡاْ فَقُولُواْ ٱشۡهَدُواْ بِأَنَّا مُسۡلِمُونَ﴾ [آل عمران: ٦٤].

എന്ന ആയത്തുമായിരുന്നു പാരായണം ചെയ്തിരുന്നത്.

അവിടുന്ന് ദുഹാ നമസ്കാരം നിർവഹിക്കാറുണ്ടായിരുന്നു. അബൂ ഹുറയ്റ(റ)വിനോട് അത് അവിടുന്ന് ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിന് ശരീരത്തിലെ അസ്ഥികളുടെ എണ്ണത്തിന്റെ അത്രയും സ്വദഖയുടെ (360 സ്വദഖക്ക് തുല്യം) പ്രതിഫലം നൽക്കപ്പെടുമെന്ന് അവിടുന്ന് അറിയിച്ച് തരികയും ചെയ്തു. അദ്ദേഹം അസ്ർന് മുമ്പ് ഓരോ ഈരണ്ടിനിടയിലും സലാം വീട്ടുന്ന നാല് റക്അത്ത് നമസ്കരിക്കാറുണ്ടായിരുന്നു. അവിടുന്ന് പറഞ്ഞു: 'അസ്ർനു മുമ്പ് നാല് റക്അത്ത് നമസ് കരിച്ചവന് അല്ലാഹു കരുണ ചെയ്തിരിക്കുന്നു.'

# നബി(സ)യുടെ പ്രഭാതത്തിലും പ്രദോഷത്തിലുമുള്ള ദിക്റുകൾ

സുബ്ഹി നമസ്കരിച്ച് കഴിഞ്ഞാൽ നബി(സ) സൂര്യൻ ഉദിക്കുന്നത് വരെ അല്ലാഹുവിനെ സ്മരിച്ച് കൊണ്ട് തന്റെ ന മസ്കാര സ്ഥലത്ത് തന്നെ കഴിച്ച് കൂട്ടുമായിരുന്നു. അവിടുന്ന് പ്രഭാതത്തിൽ

«اللَّهُمَّ بِكَ أَصْبَحْنَا، وَبِكَ أَمْسَيْنَا، وَبِكَ نَحْيَا، وَبِكَ نَمُوتُ، وَإِلَيْكَ النُّشُورُ».

*അല്ലാഹുവേ, നിന്റെ (സഹായം) കൊണ്ട് ഞങ്ങൾ പ്രഭാതത്തിലായിരിക്കുന്നു. നിന്റെ (സഹായം) കൊണ്ട് ഞങ്ങൾ വൈകുന്നേരത്തിലുമായിരിക്കുന്നു. ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെക്കൊണ്ടാണ്. നിന്നിലേക്കാണ് മടക്കവും*

എന്നും, പ്രദോഷത്തിൽ

«اللَّهُمَّ بِكَ أَصْبَحْنَا، وَبِكَ أَمْسَيْنَا، وَبِكَ نَحْيَا، وَبِكَ نَمُوتُ، وَإِلَيْكَ المَصِيرْ».

എന്നും പ്രാർത്ഥിക്കുമായിരുന്നു. പ്രഭാതത്തിൽ അവിടുന്ന് പ്രാ ർത്ഥിക്കുന്ന മറ്റു പ്രാർത്ഥനകളാണ്:

«أَصْبَحْنَا وَأَصْبَحَ الملك للهِ والحمد للهِ، لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ، لَه الملك وَلَه الحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ، رَبِّ أَسْأَلُك خَيْرَ مَا فِي هَذَا الْيَوْمِ وَخَيْرَ مَا بَعْدَهُ، وَأَعُوذُ بِك مِنْ شَرِّ مَا فِي هَذَا الْيَوْمِ وَمَنْ شر مَا بَعْدَهُ، رَبِّ أَعُوذُ بِك مِنْ الْكَسَلِ، وَسُوءِ الْكِبَرِ، رَبِّ أَعُوذُ بِك مِنْ عَذَابٍ فِي النَّارِ وَعَذَابٍ فِي الْقَبْرِ». [صحيح مسلم].

*ഞങ്ങൾ പ്രഭാതത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. പ്രഭാതത്തിന്റെ ആധിപത്യം അല്ലാഹുവിനാകുന്നു. സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധികാരവും സർവ്വ സ്തുതിയും അവനാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. നാഥാ ഈ പകലിലേയും അതിനു ശേഷമുള്ളതിലെയും നൻമകളെ നിന്നോട് ഞാൻ ചോദിക്കുന്നു. ഈ പകലിലേയും അതിനു ശേഷമുള്ളതിലെയും തിൻമകളിൽ നിന്ന് ഞാൻ നിന്നിലഭയം തേടുന്നു. നാഥാ, അലസതയിൽ നിന്നും വാർദ്ധക്യത്തിന്റെ വിഷമത്തിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. നാഥാ, നരകത്തിലേയും ഖബ്റിലേയും ശിക്ഷകളിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു.*

«أَصْبَحْنَا عَلَى فِطْرَةِ الإِسْلاَمِ وَعَلَى كَلِمَةِ الإِخْلاَصِ، وَعَلَى دِينِ نَبِيِّنَا مُحَمَّدٍ ﷺ وَعَلَى مِلَّةِ أَبِينَا إِبْرَاهِيمَ حَنِيفًا مُسْلِمًا وَمَا كَانَ مِنَ الْمُشْرِكِينَ». [صحيح الجامع].

*ഇസ്ലാമിന്റെ പ്രകൃതിയിലും നിഷ്കളങ്ക വചനത്തിലും നമ്മുടെ പ്രവാചകന്റെ മതത്തിലും നമ്മുടെ പിതാവായ ഇബ്റാഹീം നബിയുടെ ചര്യയിലുമായി ഞങ്ങൾ പ്രഭാതത്തിലായിരിക്കുന്നു. അദ്ദേഹം ഋജുമനസ്കനും കീഴ്പെട്ടവനുമാണ്. ബഹുദൈവാരാധകരിൽ പെട്ടവനുമല്ല. മുതലായവ. വൈകിട്ടാണെങ്കിൽ*

അവിടുന്ന് أصبحنا എന്നതിന് പകരമായി أمسينا എന്ന് ചേര്‍ത്താ യിരുന്നു പ്രാര്‍ത്ഥിച്ചിരുന്നത്. രാവിലെയും വൈകിട്ടും അവി ടുന്ന് താഴെ പറയുന്ന പ്രാര്‍ത്ഥന ഒഴിവാക്കാറില്ലായിരുന്നു:

«اللَّهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي الدُّنْيَا وَالآخِرَةِ، اللَّهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي دِينِي وَدُنْيَايَ، وَأَهْلِي وَمَالِي، اللَّهُمَّ اسْتُرْ عَوْرَاتِي، وَآمِنْ رَوْعَاتِي، اللَّهُمَّ احْفَظْنِي مِنْ بَيْنِ يَدَيَّ، وَمِنْ خَلْفِي، وَعَنْ يَمِينِي، وَعَنْ شِمَالِي، وَمِنْ فَوْقِي، وَأَعُوذُ بِعَظَمَتِكَ أَنْ أُغْتَالَ مِنْ تَحْتِي. [صحيح ابن ماجه للألباني].

*അല്ലാഹുവേ, മാപ്പും ഇഹത്തിലും പരത്തിലും സൗഖ്യവും നിന്നോട് ഞാന്‍ ചോദിക്കുന്നു. അല്ലാഹുവേ എന്റെ മത കാര്യത്തിലും ഐഹിക ജീവിതത്തിലും കുടുംബത്തിലും ധന ത്തിലും സൗഖ്യവും മാപ്പും നിന്നോട് ഞാന്‍ ചോദിക്കുന്നു. അല്ലാഹുവേ, എന്റെ രഹസ്യങ്ങള്‍ നീ മറച്ചുവെക്കുകയും ഭീതികളില്‍ നിന്ന് എനിക്ക് മോചനം നല്‍കുകയും ചെയ്യേണമേ! അല്ലാഹുവേ, എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലതു ഭാഗത്തിലൂടെയും ഇടതു ഭാഗത്തിലൂടെയും മുകളിലൂടെയും എന്നെ പരിരക്ഷിക്കേണമേ! താഴ്ഭാഗത്തിലൂടെ ഞാന്‍ വഞ്ചിക്ക പ്പെടുന്നതില്‍ നിന്ന് നിന്റെ മഹത്വം കൊണ്ട് ഞാന്‍ അഭയം തേടുന്നു.*

അവിടുന്ന് രാവിലെയും വൈകിട്ടും താഴെ വരുന്ന പ്രാര്‍ത്ഥന മൂന്ന് പ്രാവശ്യം ചൊല്ലാറുണ്ടായിരുന്നു :

«اللَّهُمَّ عَافِنِي فِي بَدَنِي، اللَّهُمَّ عَافِنِي فِي سَمْعِي، اللَّهُمَّ عَافِنِي فِي بَصَرِي، لاَ إِلَهَ إِلاَّ أَنْتَ. اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْكُفْرِ وَالْفَقْرِ، وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ، لاَ إِلَهَ إِلاَّ أَنْتَ».

*അല്ലാഹുവേ, എന്റെ ശരീരത്തിന് നീ സൗഖ്യം നൽകേണമേ അല്ലാഹുവേ, എന്റെ കേൾവിക്ക് നീ സൗഖ്യം നൽകേണമേ. അല്ലാഹുവേ, എന്റെ കാഴ്ചക്ക് നീ സൗഖ്യം നൽകേണമേ!. നീ അല്ലാതെ ആരാധ്യനില്ല. അല്ലാഹുവേ, അവിശ്വാസത്തിൽ നിന്നും ദാരിദ്രത്തിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. ഖബർ ശിക്ഷയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. നീ അല്ലാതെ ഒരാരാധ്യനുമില്ല.*

സയ്യിദുൽ ഇസ്തിഗ്ഫാർ (പാപമോചന പ്രാർത്ഥനയുടെ നേതാവ്) എന്ന് പറഞ്ഞു കൊണ്ട് അവിടുന്ന് താഴെയുള്ള ദുആ നമുക്ക് പഠിപ്പിച്ച് തന്നു:

«اللَّهُمَّ أَنْتَ رَبِّي، لاَ إِلَهَ إِلاَّ أَنْتَ، خَلَقْتَنِي وَأَنَا عَبْدُكَ، وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ، أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ، أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ وَأَبُوءُ بِذَنْبِي فَاغْفِرْ لِي فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ».

*അല്ലാഹുവേ, നീയാണ് എന്റെ നാഥൻ. നീ അല്ലാതെ ആരാധ്യനില്ല. നീ എന്നെ സൃഷ്ടിച്ചു. നിന്റെ ദാസനാണ് ഞാൻ. എനിക്ക് സാധ്യമാവുന്നിടത്തോളം നിന്നോടുള്ള കരാറും ഉടമ്പടിയും പാലിക്കുന്നതാണ്. നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ എനിക്ക് നീ പൊറുത്ത് തരണേ! നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല.*

മേൽ പറഞ്ഞ ദുആ (സയ്യിദുൽ ഇസ്തിഗ്ഫാർ) ആരെങ്കിലും ദൃഢ വിശ്വാസത്തോട് കൂടി രാത്രിയിലോ പകലിലോ ചൊല്ലു

കയും അതിൽ അവൻ മരണപ്പെടുകയും ചെയ്താൽ അവൻ സ്വർഗക്കാരിൽ പെട്ടവനാണ് എന്നും അവിടുന്ന് പഠിപ്പിച്ച് തന്നു. പ്രഭാതത്തിലും പ്രദോഷത്തിലും സൂ.ഇഖ്ലാസ്, ഫലഖ്, നാസ് എന്നിവ മൂന്ന് പ്രാവശ്യം വീതം പാരായണം ചെയ്യുന്നത് എല്ലാ കാര്യത്തിനും മതിയാകുന്നതാണ് എന്നും ആരെങ്കിലും പ്രഭാതത്തിലും പ്രദോഷത്തിലും

«بِسْمِ اللهِ الَّذِي لاَ يَضُرُّ مَعَ اسْمِهِ شَيْءٌ فِي الأَرْضِ وَلاَ فِي السَّمَاءِ وَهُوَ السَّمِيعُ الْعَلِيمُ».

*അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പ്രാർത്ഥിക്കുന്നു) ആ നാമത്തോടൊപ്പം ഭൂമിയിലോ ആകാശത്തിലോ ഉള്ള ഒരു വസ്തുവും ഉപദ്രവിക്കുകയില്ല. അവൻ എല്ലാം കേൾക്കുന്നവ നും അറിയുന്നവനുമാണ്.* എന്ന് മൂന്ന് പ്രാവശ്യം ചൊല്ലിയാൽ അവനെ യാതൊന്നും ഉപദ്രവിക്കില്ലെന്നും അവിടുന്ന് നമുക്ക് അറിയിച്ച് തന്നു. പ്രഭാതത്തിലും പ്രദോഷത്തിലും

«اللَّهُمَّ عَالِمَ الْغَيْبِ وَالشَّهَادَةِ فَاطِرَ السَّمَوَاتِ وَالأَرْضِ، رَبَّ كُلِّ شَيْءٍ وَمَلِيكَهُ، أَشْهَدُ أَنْ لاَ إِلَهَ إِلاَّ أَنْتَ، أَعُوذُ بِكَ مِنْ شَرِّ نَفْسِي، وَمِنْ شَرِّ الشَّيْطَانِ وَشِرْكِهِ، وَأَنْ أَقْتَرِفَ عَلَى نَفْسِي سُوءًا، أَوْ أَجُرَّهُ إِلَى مُسْلِمٍ».

*ദൃശ്യവും അദൃശ്യവും അറിയുന്നവനും ഭൂമിയും ആകാശങ്ങളും സൃഷ്ടിച്ചവനും സർവ്വ വസ്തുക്കളുടെയും നാഥനും ഉടമയു മായ അല്ലാഹുവേ, നിശ്ചയം നീ അല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. സ്വശരീരത്തോടോ മറ്റൊരു മുസ്ലിമിനോടോ തിൻമ ചെയ്യുന്നതിൽ നിന്നും പിശാചി ന്റെയും അവന്റെ കൂട്ടുകാരുടെയും തിൻമയിൽ നിന്നും*

*സ്വശരീരത്തിന്റെ തിൻമയിൽ നിന്നും നിന്നോട് ഞാൻ അഭയം ചോദിക്കുന്നു.* എന്ന് ചൊല്ലാൻ അബൂബക്കർ സിദ്ധീഖ് (റ) നെ അവിടുന്ന് പഠിപ്പിച്ചു. അവിടുത്തെ പുത്രി ഫാത്തിമ (റ)യോട് പ്രഭാതത്തിലും പ്രദോഷത്തിലും ചൊല്ലാൻ അവിടുന്ന് ഉപദേശിച്ചത് ഇപ്രകാരമാണ്:

«يَا حَيُّ! يَا قَيُّومُ! بِرَحْمَتِكَ أَسْتَغِيثُ، أَصْلِحْ لِي شَأْنِي كُلَّهُ، وَلاَ تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ». [الصحيحة]

*എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായവനേ, നിന്റെ കാരുണ്യം കൊണ്ട് എന്നെ സഹായിക്കേണമേ! എന്റെ എല്ലാകാര്യങ്ങളും നന്നാക്കിത്തീർക്കുകയും ചെയ്യേണമേ! ഇമ വെട്ടുന്ന സമയത്തേക്ക് പോലും എന്നെ സ്വന്തത്തിലേക്ക് തന്നെ ഏൽപിക്കരുതേ!*

അവിടുന്ന് പറഞ്ഞു: 'ആരെങ്കിലും പ്രഭാതത്തിലും പ്രദോഷത്തിലും سبحان الله وبحمده എന്ന് നൂറ് പ്രാവശ്യം പറഞ്ഞാൽ നാളെ പരലോകത്ത് അത് പോലെയോ അതിൽ കൂടുതലോ പറഞ്ഞവനല്ലാതെ ഒരാളും അവൻ കൊണ്ട് വന്നതിനേക്കാൾ ശ്രേഷ്ഠമായത് കൊണ്ട് വരില്ല.' കടലിലെ നുരയോളമുങ്കിലും അവന്റെ പാപങ്ങൾ അത് മുഖേനെ മായ്ക്കപ്പെടുമെന്നും അവിടുന്ന് അറിയിച്ച് തന്നു. വീണ്ടും നബി(സ) പറഞ്ഞു: 'ആരെങ്കിലും പ്രഭാതത്തിലും പ്രദോഷത്തിലും

لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

എന്ന് നൂറ് പ്രാവശ്യം പറഞ്ഞാൽ അത് അവന് പത്ത് അടിമകളെ മോചിപ്പിച്ചതിന് തുല്യമാണ്, അവന് നൂറ് പ്രതിഫലം രേഖപ്പെടുത്തും, അവനിൽ നിന്ന് നൂറ് പാപങ്ങൾ മായ്ച്ച് കളയും, ആ ദിവസം വൈകുന്നേരമാകുന്നത് വരെ ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്നും അത് അവന് അഭയമാണ്, അതിൽ കൂടുതൽ പ്രവർത്തിച്ചവനല്ലാതെ ഒരാളും അവൻ കൊണ്ട് വന്നതിനേക്കാൾ ശ്രേഷ്ഠമായത് കൊണ്ട് വരില്ല.'

നബി(സ) പറഞ്ഞു: 'ആരെങ്കിലും പ്രഭാതത്തിലും പ്രദോഷത്തിലും എന്റെ പേരിൽ പത്ത് വീതം സ്വലാത്ത് ചൊല്ലിയാൽ അവന് പരലോകത്ത് എന്റെ ശുപാർശ (ശഫാഅത്ത്) ലഭിക്കും.'

## പ്രഭാതത്തിൽ മാത്രമായി ചൊല്ലേണ്ടത്

റസൂൽ(സ) പറഞ്ഞു: 'ആരെങ്കിലും പ്രഭാതത്തിൽ

«رَضِيتُ بِاللهِ رَبًّا، وَبِالإِسْلاَمِ دِينًا وبِمُحَمَّدٍ رسُولًا».

*അല്ലാഹുവിനെ നാഥനായും ഇസ്‌ലാമിനെ മതമായും മുഹമ്മദിനെ പ്രവാചകനായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.*

എന്ന് പറഞ്ഞാൽ അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുവോളം അവന്റെ കരം ഞാൻ പിടിക്കുമെന്ന് ഞാൻ ജാമ്യം നിൽക്കുന്നു.' (സ്വഹീഹ്).

## പ്രദോഷത്തിൽ മാത്രമായി ചൊല്ലേണ്ടത്

ആരെങ്കിലും പ്രദോഷത്തിൽ മൂന്ന് പ്രാവശ്യം

«أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ».

*അല്ലാഹുവിന്റെ സമ്പൂർണ്ണമായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ തിൻമയിൽ നിന്ന് ഞാൻ അഭയം തേടുന്നു.*

എന്ന് ചൊല്ലിയാൽ ആ രാത്രി അവനെ വിഷം തീണ്ടില്ലെന്ന് റസൂൽ (സ) പഠിപ്പിച്ചു.

# നബി(സ)യുടെ ആഹാര രീതികൾ

ഭക്ഷണവുമായി ബന്ധപ്പെട്ട് അവിടുന്ന് ഉള്ളത് നിരാകരിക്കുകയോ ഇല്ലാത്തതിന് വേണ്ടി വാശി പിടിക്കുകയോ ചെയ്യുമായിരുന്നില്ല. തനിക്ക് നൽകപ്പെട്ട ശുദ്ധമായതിൽ ആവശ്യമുള്ളത് അവിടുന്ന് ഭക്ഷിക്കുയും അതല്ലാത്തത് വെറുപ്പ് പ്രകടിപ്പിക്കാതെ നിരാകരിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം ഭക്ഷണത്തെ ഒരിക്കലും കുറ്റം പറഞ്ഞിരുന്നില്ല, അദ്ദേഹത്തിന് നല്ലതായി തോന്നിയത് അവിടുന്ന് ഭക്ഷിക്കുകയും അല്ലാത്തത് കഴിക്കാതിരിക്കുകയുമായിരുന്നു പതിവ്. ഭക്ഷണം നൽകിയവനെ സന്തോഷിപ്പിക്കാൻ വേണ്ടി അവിടുന്ന് ആ കഴിച്ച ഭക്ഷണത്തെ പുകഴ്ത്തുമായിരുന്നു. അദ്ദേഹം സൗകര്യപ്രദമായത് ഭക്ഷിക്കുമായിരുന്നു, ഇനി അദ്ദേഹത്തിന് ഭക്ഷണം ലഭിക്കാതെ വന്നാൽ പട്ടിണി മൂലം വയറിൽ കല്ല് കെട്ടുമാറ് അവിടുന്ന് ക്ഷമിക്കാനും സന്നദ്ധത കാണിച്ചിരുന്നു. ചില ദിവസങ്ങളിൽ തന്റെ വിശപ്പ് മാറ്റാൻ വളരെ താഴ്ന്ന ഇനം കാരക്ക പോലും അദ്ദേഹത്തിന് ലഭിക്കാറില്ലായിരുന്നു, അവിടുത്തെ വീട്ടിൽ അടുപ്പ് പുകയാത്ത മൂന്ന് മാസങ്ങൾ കടന്ന് പോയിട്ടുണ്ട്, നബി(സ) തന്റെ വീട്ടിലേക്ക്

പ്രവേശിച്ചാൽ ഇപ്രകാരം ചോദിക്കും:'നിങ്ങളുടെ അടുക്കൽ കഴിക്കാൻ വല്ലതുമുണ്ടോ?' അവർ ഇല്ല എന്നാണ് മറുപടി പറയുന്നതെങ്കിൽ അവിടുന്ന് 'എന്നാൽ ഞാൻ നോമ്പ് കാരനാണ്' എന്ന് പറയുമായിരുന്നു. എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും അദ്ദേഹം നോമ്പ് അനുഷ്ഠിക്കുമായിരുന്നു. അത് പോലെ തന്നെ എല്ലാ മാസവും മൂന്ന് ദിവസവും അവിടുന്ന് നോമ്പനുഷ്ഠിക്കുമായിരുന്നു. ഭക്ഷിക്കുന്നതിന്റെ ആദ്യത്തിൽ അവിടുന്ന് ബിസ്മി ചൊല്ലുകയും അവസാനത്തിൽ അല്ലാഹുവിനെ സ്തുതിച്ച് കൊണ്ട്

«الْحَمْدُ للهِ حَمْدًا كَثِيرًا طَيِّبًا مُبَارَكًا فِيهِ، غَيْرَ مَكْفِيٍّ وَلاَ مُوَدَّعٍ، وَلاَ مُسْتَغْنًى عَنْهُ رَبَّنَا». [صحيح البخاري].

*ഞങ്ങളുടെ നാഥാ! വിശിഷ്ടവും അനുഗ്രഹീതവുമായ എണ്ണമറ്റ സ്തുതികൾ, മതിവരാത്തതും ഉപേക്ഷിക്കപ്പെടാത്തതും ഒഴിച്ചു കൂടാത്തതുമായ നിലയിൽ നിനക്കാണ്.*

എന്ന് പറയുകയും ചെയ്യാറുണ്ട്. നബി(സ) പറഞ്ഞു: 'ആരെങ്കിലും ഭക്ഷണം കഴിച്ചിട്ട്

«مَنْ أَكَلَ طَعَامًا فَقَالَ: الْحَمْدُ للهِ الَّذِي أَطْعَمَنِي هَذَا، وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلاَ قُوَّةٍ، غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ». [صحيح الترمذي للألباني].

*അല്ലാഹുവേ, എന്റെ കഴിവോ ശേഷിയോ കൂടാതെ ഇതെനിക്ക് നൽകുകയും എന്നെ ഭക്ഷിപ്പിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി.*

എന്ന് പ്രാർത്ഥിച്ചാൽ അവന്റെ മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും. 'അദ്ദേഹം തന്റെ മൂന്ന് വിരലുകൾ കൊണ്ട് ഭക്ഷിക്കുകയും ഭക്ഷിച്ച് കഴിഞ്ഞാൽ അവ തുടക്കുന്നതിന് മുമ്പ് അവ നക്കുകയും ചെയ്യുമായിരുന്നു. അവിടുന്ന് വലത് കൈ കൊണ്ട് ഭക്ഷിക്കാൻ കൽപിക്കുകയും പിശാചാണ് ഇടത് കൈ കൊണ്ട് ഭക്ഷിക്കുകയും വെള്ളം കുടിക്കുകയും ചെയ്യുന്നതെന്ന് പഠിപ്പിക്കുകയും ചെയ്തു. അവിടുന്ന് ചാരിയിരുന്ന് ഭക്ഷണം കഴിക്കാറില്ലായിരുന്നു. കൂടുതലും അദ്ദേഹം നിലത്ത് വെച്ചായിരുന്നു ഭക്ഷണം കഴിച്ചിരുന്നത്, നിന്ന് കൊണ്ട് വെള്ളം കുടിക്കുന്നത് അദ്ദേഹം വിരോധിച്ചു, അധിക നേരവും അവിടുന്ന് ഇരുന്നായിരുന്നു വെള്ളം കുടിച്ചിരുന്നത്. അവിടുന്ന് പാനം ചെയ്യുമ്പോൾ മൂന്ന് പ്രാവശ്യം പാത്രത്തിന് പുറത്തേക്ക് ശ്വാസമയക്കാറുണ്ടായിരുന്നു, എന്നിട്ടദ്ദേഹം പറഞ്ഞു: 'നിശ്ചയമായും അത് ദാഹം ശമിപ്പിക്കുന്നതാണ്, അത് ശമനമാണ്, അത് സ്വാദിഷ്ടവുമാണ്'. ആരെങ്കിലും അദ്ദേഹത്തെ ഭക്ഷിപ്പിച്ചാലോ കുടിപ്പിച്ചാലോ അവർക്ക് വേണ്ടി അദ്ദേഹം

«اللَّهُمَّ أَطْعِمْ مَنْ أَطْعَمَنِي، وَاسْقِ مَنْ سَقَانِي». [صحيح مسلم].

*അല്ലാഹുവേ, എന്നെ ഭക്ഷിപ്പിച്ചവരെ നീ ഭക്ഷിപ്പിക്കുകയും എന്നെ കുടിപ്പിച്ചവരെ നീ കുടിപ്പിക്കുകയും ചെയ്യേണമേ!*

എന്ന് പ്രാർത്ഥിക്കുമായിരുന്നു. അദ്ദേഹത്തിന് ആതിഥ്യമരുളിയവർക്ക് വേണ്ടി

«اللَّهُمَّ بَارِكْ لَهُمْ فِيمَا رَزَقْتَهُمْ وَاغْفِرْ لَهُمْ وَارْحَمْهُمْ». [صحيح مسلم].

*അല്ലാഹുവേ, അവർക്ക് നൽകിയതിൽ നീ അനുഗ്രഹിക്കുകയും അവർക്ക് പൊറുത്ത് കൊടുക്കുകയും അവർക്ക് കാരുണ്യം നൽകുകയും ചെയ്യേണമേ!*

എന്നും അവിടുന്ന് പ്രാർത്ഥിക്കുമായിരുന്നു.

# നബി(സ)യുടെ വസ്ത്രം, നടത്തം, വാഹനം

## നബി(സ) വസ്ത്രം ധരിച്ചാൽ

«الْحَمْدُ للهِ الَّذِي كَسَانِي هَذَا الثَّوْبَ وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلاَ قُوَّةٍ». [صحيح أبي داود للألباني].

*എന്റെ ഒരു കഴിവും ശക്തിയും കൂടാതെ എനിക്ക് ഈ വസ്ത്രം നൽകുകയും അണിയിക്കുകയും ചെയ്ത അല്ലാഹുവിനാണ് സർവ്വ സ്തുതിയും*

എന്ന് പ്രാർത്ഥിക്കുമായിരുന്നു. അവിടുന്ന് പുതുവസ്ത്രം ധരിക്കുകയാണെങ്കിൽ തലപ്പാവ്, കുപ്പായം, മേൽമുണ്ട് എന്നി ങ്ങനെ അതിന്റെ പേര് പറഞ്ഞു കൊണ്ട്

«اللَّهُمَّ لَكَ الْحَمْدُ أَنْتَ كَسَوْتَنِيهِ، أَسْأَلُكَ خَيْرَهُ وَخَيْرَ مَا صُنِعَ لَهُ، وَأَعُوذُ بِكَ مِنْ شَرِّهِ وَشَرِّ مَا صُنِعَ لَهُ». [صحيح أبي داود للألباني].

*അല്ലാഹുവേ നിനക്കാണ് സർവ്വ സ്തുതിയും നീയാണ് എന്നെ ഇത് അണിയിച്ചത്. ഇതിന്റെയും ഇത് നിർമ്മിക്കപ്പെട്ടതിന്റെയും* നൻമ ഞാൻ നിന്നോട് ചോദിക്കുന്നു. ഇതിന്റെയും ഇത്

നിർമിക്കപ്പെട്ടതിന്റെയും തിൻമയിൽ നിന്ന് ഞാൻ അഭയം തേടുകയും ചെയ്യുന്നു.

എന്ന് പ്രാർത്ഥിക്കാറുണ്ടായിരുന്നു. നബി(സ)ക്ക് ഏറ്റവും ഇഷ്ടപ്പെട്ട വസ്ത്രം നീള കുപ്പാവും (ഖമീസ്) ചുവന്ന വരകളുള്ള തട്ടവും (ഹിബ്റ) ആയിരുന്നു. വസ്ത്രത്തിൽ അദ്ദേഹത്തിന് ഏറ്റവും ഇഷ്ടമുള്ള നിറം വെളുപ്പായിരുന്നു. അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ ഏറ്റവും നല്ല വസ്ത്രം വെള്ള വസ്ത്രമാണ്, നിങ്ങൾ അത് ധരിക്കുക, നിങ്ങളിൽ മരണപ്പെട്ടവരെ അതിൽ കഫൻ ചെയ്യുക. 'തനി ചുവപ്പ് നിറം അവിടുന്ന് വെറുക്കുകയും അത് വിരോധിക്കുകയും ചെയ്തിരുന്നു. സ്ത്രീകളുടെ വേഷം ധരിക്കുന്ന പുരുഷന്മാരെയും പുരുഷന്മാരുടെ വേഷം ധരിക്കുന്ന സ്ത്രീകളെയും അവിടുന്ന് ശപിച്ചിട്ടുണ്ട്. അംറ് ഇബ്നുൽ ആസ്(റ)വിന്റെ അടുക്കൽ കുങ്കുമ വർണമുള്ള രണ്ട് വസ്ത്രങ്ങൾ കണ്ടപ്പോൾ തിരുദൂതർ അദ്ദേഹത്തോട് പറഞ്ഞു: 'ഇത് സത്യ നിഷേധികളുടെ വസ്ത്രത്തിൽ പെട്ടതാണ്, അത് കൊണ്ട് നീ അത് ധരിക്കരുത്. 'പൊങ്ങച്ചത്തിന് വസ്ത്രം ധരിക്കുന്നത് അവിടുന്ന് വിരോധിച്ചിട്ടുണ്ട്. പുരുഷന്മാർ പട്ടും സ്വർണവും ധരിക്കുന്നതും അവിടുന്ന് വിലക്കി. പുരുഷന്മാർ വസ്ത്രങ്ങൾ നെരിയാണിക്ക് താഴെ വലിച്ചിഴക്കുന്നതിനെ വിരോധിച്ച് കൊണ്ട് നബി(സ) പറഞ്ഞു: 'വസ്ത്രത്തിൽ നിന്നും നെരിയാണിക്ക് താഴെയുള്ളത് നരകത്തിലാണ്.' അവിടുത്തെ വസ്ത്രങ്ങൾ കണങ്കാലിന്റെ മധ്യം വരെയായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹം ഖമീസ് ധരിക്കുമ്പോൾ തന്റെ വലത് ഭാഗം കൊണ്ട് ആരംഭിക്കുമായിരുന്നു. അവിടുന്ന് പറഞ്ഞു:

'നിങ്ങൾ വസ്ത്രം ധരിക്കുകയാണെങ്കിലും വുദൂഅ് ചെയ്യുകയാണെങ്കിലും നിങ്ങളുടെ വലത് ഭാഗം കൊണ്ട് നിങ്ങൾ ആരംഭിക്കുക. അഴിക്കുമ്പോൾ ഇടത് കൊണ്ടായിരുന്നു ആരംഭിച്ചിരുന്നത്. ചെരിപ്പ് ധരിക്കുന്നതുമായി ബന്ധപ്പെട്ട് വലതിനെ കുറിച്ച് അവിടുന്ന് പറഞ്ഞു: 'ധരിക്കുമ്പോൾ വലത് ആദ്യത്തിലും അഴിക്കുമ്പോൾ അത് അവസാനത്തിലും ആകാൻ വേണ്ടി'. ഒരു ചെരിപ്പ് മാത്രമിട്ട് നടക്കുന്നത് അവിടുന്ന് വിരോധിച്ചിട്ടുണ്ട്. അവിടുന്ന് ചിലപ്പോഴൊക്കെ നഗ്നപാദനായി സഞ്ചരിച്ചിട്ടുണ്ട്. ചരിഞ്ഞ പ്രതലത്തിൽ നിന്നും ഇറങ്ങി വരുന്നതു പോലെ കാലുകൾ ഉയർത്തി മുന്നോട്ടാഞ്ഞായിരുന്നു നബി(സ്വ) നടന്നിരുന്നത്, ഭൂമിയിൽ നിന്നും പൂർണ്ണമായി കാലടികളുയർത്തിയാണ് അദ്ദേഹം നടന്നിരുന്നത് എന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

നബി(സ) തന്റെ വാഹന (മൃഗം) പുറത്ത് കയറാൻ വേണ്ടി കാലെടുത്ത് വെച്ചാൽ അവിടുന്ന് بسم الله എന്ന് പറയും, അതിന്റെ പുറത്ത് അവിടുന്ന് ഇരുന്നാൽ الحمد لله എന്ന് പറയും, ശേഷം

«سُبْحَانَ الَّذِي سَخَّرَ لَنَا هَذَا، وَمَا كُنَّا لَهُ مُقْرِنِينَ، وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ».

*ഈ വാഹനം ഞങ്ങൾക്ക് കീഴ്പെടുത്തി തന്നവനായ അല്ലാഹു പരിശുദ്ധൻ. ഞങ്ങൾ അത് കീഴ്പെടുത്താൻ കഴിവുള്ളവരായിരുന്നില്ല. നിശ്ചയം, ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്ക് മടങ്ങുന്നവരാകുന്നു* എന്നും അതിന് ശേഷം മൂന്ന് പ്രാവശ്യം الحمد لله എന്നും, മൂന്ന് പ്രാവശ്യം الله أكبر എന്നും പറയുമായിരുന്നു. അതിന് ശേഷം അവിടുന്ന്

«**اللَّهُمَّ إِنِّي ظَلَمْتُ نَفْسِي فَاغْفِرْ لِي، إِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ**». [صحيح أبي داود للألباني].

അല്ലാഹുവേ, നിശ്ചയം ഞാൻ എന്നോട് തന്നെ അക്രമം *ചെയ്തിരിക്കുന്നു. അതിനാൽ എനിക്ക് പൊറുത്ത് തരേണമേ. നീ അല്ലാതെ പാപങ്ങൾ പൊറുക്കുകയില്ല.*

എന്ന് പ്രാർത്ഥിക്കാറുമുണ്ടായിരുന്നു.

# നബി(സ)യുടെ സ്വഭാവ ഗുണങ്ങൾ, പെരുമാറ്റ രീതി

ജനങ്ങളിൽ വെച്ചേറ്റവും നല്ല മുഖത്തിനും സ്വഭാവത്തിനു മുടമയായിരുന്നു നബി(സ). അവിടുന്ന് മ്ലേച്ഛത പറയുന്നവനോ പ്രവർത്തിക്കുന്നവനോ തെരുവിൽ ബഹളം വെക്കുന്നവനോ ആയിരുന്നില്ല. അവിടുന്ന് തിന്മയെ തിന്മ കൊണ്ട് നേരിടാറില്ലായി രുന്നു, വിട്ടുവീഴ്ചയായിരുന്നു അവിടുത്തെ മുഖമുദ്ര. അല്ലാഹു പ വിത്രമാക്കിയതിനെ കളങ്കപ്പെടുത്തിയാലല്ലാതെ ഒരു അതിക്രമത്തി നും അവിടുന്ന് ഒരിക്കലും പ്രതികാരം ചെയ്തിരുന്നില്ല. എന്നാൽ അല്ലാഹു പവിത്രമാക്കിയതിനെ കളങ്കപ്പെടുത്തിയാൽ അതിൽ ഏറ്റവും കോപിക്കുന്നവൻ അദ്ദേഹമായിരുന്നു. രണ്ട് കാര്യങ്ങളിലൊന്ന് തെരെഞ്ഞെടുക്കുമ്പോൾ തിന്മയല്ലെങ്കിൽ അതിൽ ഏറ്റവും എളുപ്പമുള്ളതായിരുന്നു അവിടുന്ന് തെരഞ്ഞെടുത്തിരുന്നത്. അല്ലാഹുവിന്റെ മാർഗത്തിൽ ധർമ സമരത്തിൽ ഏർപ്പെടുമ്പോഴല്ലാതെ ഒരു അടിമയാകട്ടെ, ഭാര്യയാകട്ടെ, സേവകനാകട്ടെ ഒന്നിനെയും അവിടുന്ന് തന്റെ കരങ്ങൾ കൊണ്ട് അടിച്ചിരുന്നില്ല. അനസ്(റ) പറയുന്നു: 'ഞാൻ

പത്ത് വർഷം അല്ലാഹുവിന്റെ ദൂതരെ പരിചരിച്ചു, ഒരിക്കൽ പോലും അദ്ദേഹമെന്നോട് 'ഛെ' എന്ന് പോലും പറഞ്ഞിട്ടില്ല, ഞാൻ എന്തെങ്കിലും ചെയ്താൽ 'നീ എന്തിനത് ചെയ്തു?' എന്നോ ഞാൻ എന്തെങ്കിലും ഒഴിവാക്കിയാൽ 'നീ എന്തിനത് ഉപേക്ഷിച്ചു? 'എന്നോ പോലും അവിടുന്നെന്നോട് ചോദിച്ചിട്ടില്ല.'

നബി(സ) ആർക്കെങ്കിലും കൈ കൊടുത്താൽ അല്ലെങ്കിൽ ഏതെങ്കിലുമൊരാൾ അവിടുത്തെ കരം പിടിച്ചാൽ മറ്റേ ആൾ കൈ വിടുവിക്കുന്നത് വരെ അവിടുന്ന് തന്റെ കരം വിടുവിക്കില്ലായിരുന്നു. അദ്ദേഹം ഒരാളെ സ്വീകരിക്കുമ്പോൾ അവിടുത്തെ സുസ്മര വദനവും സംസാരവും കണ്ട് നബി(സ)ക്ക് ഏറ്റവും ഇഷ്ടമുള്ള ആൾ താനാണെന്ന് ആ വ്യക്തി കരുതുമാറ് അവിടുന്ന് പെരുമാറുമായിരുന്നു. ജരീർ ഇബ്നു അബ്ദില്ല(റ) പറയുന്നു: 'ഞാൻ മുസ്ലിമായത് മുതൽ പുഞ്ചിരിച്ചു കൊണ്ടല്ലാതെ അല്ലാഹുവിന്റെ റസൂൽ എന്നെ നോക്കിയിട്ടില്ല.' അബ്ദുല്ലാഹിബ്നു ഹാരിഥ്(റ) പറയുന്നു: 'അല്ലാഹുവിന്റെ റസൂൽ(സ)യേക്കാൾ പുഞ്ചിരിക്കുന്ന ഒരാളെയും ഞാൻ കിട്ടില്ല.'

അല്ലാഹുവിന്റെ റസൂൽ(സ) സംസാരിക്കുമ്പോൾ അത് എണ്ണുന്നവർക്കത് എണ്ണാൻ സാധിക്കുമായിരുന്നു. തന്നെ കേൾക്കുന്നവർക്കെല്ലാം മനസ്സിലാക്കികൊടുക്കുന്ന രൂപത്തിൽ നിർത്തി നിർത്തിയായിരുന്നു അവിടുത്തെ സംസാരം, അവിടുന്ന് ധൃതിപ്പെട്ട് സംസാരിച്ചിരുന്നില്ല. ശ്രോതാക്കൾക്ക് മനസ്സിലാകാൻ വേണ്ടി അവിടുന്ന് വാക്കുകൾ മൂന്ന് തവണ ആവർത്തിച്ചിരുന്നു. ഒരാളെ കുറിച്ച് വല്ലതും അദ്ദേഹത്തിന് അറിയിക്കപ്പെട്ടാൽ 'എന്താണ് ഇന്ന വ്യക്തിയുടെ അവസ്ഥ?

എന്നദ്ദേഹം പറഞ്ഞിരുന്നില്ല, അദ്ദേഹം പറഞ്ഞിരുന്നത്: 'എന്താണ് സമൂഹത്തിന്റെ അവസ്ഥ? അവർ അങ്ങനെ യും ഇങ്ങനെയുമൊക്കെ പറയുന്നുല്ലോ' എന്നായിരുന്നു. അവിടുന്ന് എല്ലാ സമയത്തും അല്ലാഹുവിനെ സ്മരിച്ചിരുന്നു. ഒരു സദസിൽ അവിടുന്ന് പാപമോചനം തേടിക്കൊണ്ട് നൂറ് പ്രാവശ്യം

«رَبِّ اغْفِرْ لِي، وَتُبْ عَلَيَّ، إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ». [صحيح أبي داود للألباني].

*നാഥാ എന്നോട് പൊറുക്കുകയും എന്റെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. നിശ്ചയം നീ പശ്ചാതാപം സ്വീകരിക്കുന്നവനും കരുണ കാണിക്കുന്നവനുമാണ്* എന്ന് പറയുന്നത് അവിടുത്തെ അനുചരന്മാർ എണ്ണിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണെ, ദിനേനെ എഴുപതിൽ പരം പ്രാവശ്യം ഞാൻ അല്ലാഹുവിലേക്ക് പാപമോചനം തേടുകയും അവനിലേക്ക് പശ്ചാതപിച്ച് മടങ്ങുകയും ചെയ്യാറുണ്ട്.

«رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً، وَفِي الآخِرَةِ حَسَنَةً، وَقِنَا عَذَابَ النَّارِ». [صحيح البخاري].

*ഞങ്ങളുടെ നാഥാ ദുൻയാവിൽ ഞങ്ങൾക്ക് നീ നന്മ നൽകേണമേ. പരലോകത്തും ഞങ്ങൾക്ക് നീ നന്മ നൽകേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷിക്കുകയും ചെയ്യേണമേ.* എന്നതും

«يَا مُقَلِّبَ الْقُلُوبِ! ثَبِّتْ قَلْبِي عَلَى دِينِكَ». [صحيح الترمذي للألباني].

*അല്ലാഹുവെ, ഹൃദയങ്ങളെ മാറ്റി മറിക്കുന്ന നാഥാ, എന്റെ ഹൃദയത്തെ നിന്റെ മതത്തിൽ നീ ഉറപ്പിച്ച് നിർത്തേണമേ*

എന്നതും അവിടുന്ന് ധാരാളമായി പ്രാർത്ഥിക്കാറുണ്ടായിരുന്നു. അദ്ദേഹം തന്റെ സദസ്സ് അവസാനിപ്പിച്ചിരുന്നത്

«سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ أَشْهَدُ أَنْ لاَ إِلَهَ إِلاَّ أَنْتَ، أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ».

[صحيح أبي داود للألباني].

*അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നീ അല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിന്നോട് പാപമോചനത്തിനായി അർത്ഥിക്കുകയും നിന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നു.*

എന്ന് പ്രാർത്ഥിച്ച് കൊണ്ടായിരുന്നു.

അവിടുന്ന് അങ്ങേയറ്റത്തെ ലജ്ജാശീലനായിരുന്നു. മധുവിധുനാളിലെ പുതുമണവാട്ടിയേക്കാൾ ലജ്ജയുള്ളവരായിരുന്നു അദ്ദേഹം, അദ്ദേഹത്തിന് വല്ല കാര്യത്തിലും അനിഷ്ടമുണ്ടായാൽ അത് അവിടുത്തെ മുഖത്ത് പ്രകടമാകുമായിരുന്നു.

നബി(സ) ജനങ്ങളിൽ വെച്ചേറ്റവും ഔദാര്യവാനായിരുന്നു. അദ്ദേഹത്തോട് വല്ലതും ചോദിക്കപ്പെട്ടാൽ 'ഇല്ല' എന്നൊരിക്കലും അവിടുന്ന് പറഞ്ഞിരുന്നില്ല. അവിടുന്ന് ദാരിദ്ര്യം ഭയക്കാതെ ദാനം ചെയ്യുമായിരുന്നു. റസൂൽ(സ) പറഞ്ഞു: 'ഉഹ്ദ് മലയോളം സ്വർണം എനിക്ക് ഉണ്ടാവുകയാണെങ്കിലും കടത്തിന് വേണ്ടി ഞാൻ മാറ്റിവെച്ചതല്ലാതെ അതിൽ നിന്ന് വല്ലതും മൂന്ന് ദിവസത്തിൽ കൂടുതൽ എന്റെ അടുക്കൽ അവശേഷിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.'

നബി(സ) ജനങ്ങളിൽ വെച്ചേറ്റവും സഹനശീലനായിരുന്നു. ഒരിക്കൽ ഒരു മനുഷ്യൻ വന്ന് നബി(സ)യോട് മോശമായി സംസാരിക്കുകയും അവിടുത്തെ തട്ടം ശക്തിയായി പിടിച്ച് വലിച്ച് കഴുത്തിൽ അടയാളം വരുത്തുകയും ചെയ്തു, അങ്ങനെ ആ അക്രമിയെ റസൂൽ(സ)യുടെ അടുക്കൽ ഹാജരാക്കപ്പെട്ടപ്പോൾ അവിടുന്ന് പുഞ്ചിരിക്കുകയും അയാളെ വെറുതെ വിടാൻ കൽപിക്കുകയുമാണ് ചെയ്തത്.

നബി(സ) ജനങ്ങളിൽ വെച്ചേറ്റവും ധൈര്യശാലിയായിരുന്നു. അതി ധൈര്യശാലിയായിരുന്ന ബർറാഅ് ഇബ്നു മാലിക്ക്(റ) പോലും പറഞ്ഞു: 'അല്ലാഹുവാണെ, ഞങ്ങൾക്ക് വിപത്ത് (യുദ്ധം) ശക്തമാകുമ്പോൾ ഞങ്ങൾ റസൂൽ(സ)യാൽ സംരക്ഷണം നേടും, യുദ്ധത്തിൽ അദ്ദേഹത്തിന്റെ ശത്രുക്കളോടുള്ള ശക്തമായ സാമിപ്യം കാരണം അദ്ദേഹത്തോട് ഏറ്റവും അടുത്ത് നിൽക്കുന്നവരായിരുന്നു ഞങ്ങളിലെ ധീരർ.'

നബി(സ) അവിടുത്തെ അനുചരന്മാരുടെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കാറുണ്ടായിരുന്നു. ബിലാലി(റ)നെ പോലുള്ള ചിലരുടെ കടം അവിടുന്ന് വീട്ടിക്കൊടുത്തു, അവരിലെ അവിവാഹിതർക്ക് വിവാഹം കഴിപ്പിച്ച് കൊടുത്തു, ജാബിർ(റ) വിന്റെ കടത്തിന്റെ അവധി നീട്ടിക്കൊടുക്കാൻ ശുപാർശയുമായി പല തവണ ജൂതന്റെ അടുക്കൽ പോയി, തന്റെ അടുക്കൽ വന്നു ഭർത്താവിനെ കുറിച്ച് ആവലാതി ബോധിപ്പിച്ച സ്ത്രീയുടെ പരാതി അവിടുന്ന് കേട്ടു, തന്നെ പ്രയാസപ്പെടുത്തുന്ന ഒട്ടകത്തെ കുറിച്ച് അതിന്റെ ഉടമസ്ഥൻ പരാതി പറഞ്ഞപ്പോൾ അവിടുന്ന് അയാളോടൊപ്പം ഒട്ടകത്തിനടുത്തേക്ക് പോവുകയും

ആ ഒട്ടകം തനിക്ക് കുറച്ച് മാത്രം തീറ്റ തരികയും ധാരാളം ജോലി ചെയ്യിക്കുകയും ചെയ്യുന്ന ആ മനുഷ്യനെ കുറിച്ച് നബി(സ)യോട് പരാതി പറയുകയും ചെയ്തു, അങ്ങനെ മൃഗങ്ങൾ പോലും അവയ്ക്ക് നീതി ലഭിക്കാൻ വേണ്ടി അവിടുത്തോട് പരാതികൾ ബോധിപ്പിച്ചു, അല്ലാഹു സത്യം പറഞ്ഞിരിക്കുന്നു:

﴿وَمَآ أَرۡسَلۡنَٰكَ إِلَّا رَحۡمَةً لِّلۡعَٰلَمِينَ﴾ [سورة الأنبياء: ١٠٧].

((നബിയേ) ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.))

നബി(സ) വിനയാന്വിതനായിരുന്നു, അശരണരോടും ദരിദ്രരോടുമൊപ്പം നടക്കാനും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാനും അവിടുന്ന് വിമുഖത കാണിച്ചിരുന്നില്ല. ഒരു സ്ത്രീ അദ്ദേഹത്തിന്റെ അടുക്കൽ വന്ന് താങ്കളെ കൊണ്ട് എനിക്കൊരാവശ്യമുണ്ടെന്ന് പറഞ്ഞപ്പോൾ അവരുടെ പ്രശ്നം ആരായുകയും അവരുടെ പ്രശ്നം തീർത്തു കൊടുക്കുന്നവരെ അവരുടെ നിലകൊള്ളുകയും ചെയ്തു. ധാന്യ റൊട്ടിയിലേക്കും കാലപ്പഴക്കം കൊണ്ട് ദുർഗന്ധം വമിക്കുന്ന നെയ്യിലേക്കും ക്ഷണിക്കപ്പെട്ടപ്പോൾ അവിടുന്ന് ആ ക്ഷണം സ്വീകരിച്ചിരുന്നു, അവിടുന്ന് പറഞ്ഞു: 'എനിക്ക് ഒരു കുളമ്പാണ് സമ്മാനിക്കുന്നതെങ്കിൽ പോലും ഞാൻ അത് സ്വീകരിക്കും, അതിലേക്കാണ് ഞാൻ ക്ഷണിക്കപ്പെട്ടതെങ്കിൽ ഞാൻ അതിനു ഉത്തരം നൽകും.' മരണം വരെ തിരിച്ചെടുക്കാൻ സാധിക്കാതെ അദ്ദേഹത്തിന്റെ പടയങ്കി ഒരു ജൂതന്റെ അടുക്കൽ ഉണ്ടായിരുന്നു.

കുട്ടികളോട് അവിടുന്ന് സൗമ്യമായി പെരുമാറുകയും അവരെ കളിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. അനസ് ഇബ്നു മാലിക്(റ) പറഞ്ഞു: 'റസൂൽ(സ)യേക്കാൾ കുടുംബത്തോട് കാരുണ്യം കാണിക്കുന്നവരെ ഞാൻ കണ്ടിട്ടില്ല.' അവിടുന്ന് കുട്ടികളുടെ അടുത്തേക്ക് ചെന്നാൽ അവരോട് സലാം പറയുമായിരുന്നു.

# നബി(സ)യുടെ വീട്, ഉറക്കം

നബി(സ)യുടെ വീട് മൺകട്ട കൊണ്ട് നിർമിച്ച ഓലമേഞ്ഞ വീടായിരുന്നു. അവിടുന്ന് രാത്രി നമസ്കാരം നിർവഹിക്കുമ്പോൾ അദ്ദേഹത്തിന് സുജൂദ് ചെയ്യാനായി ആഇശ(റ)യുടെ കാലുകൾ മടക്കി വെക്കുകയും അദ്ദേഹം സുജൂദിൽ നിന്ന് എഴുന്നേറ്റാൽ കാലുകൾ നീട്ടി വെക്കുകയും ചെയ്യാൻ മാത്രം ഇടുങ്ങിയതായിരുന്നു അദ്ദേഹത്തിന്റെ കുടിൽ. വീടിന്റെ ഉൾഭാഗത്ത് തന്റെ കൈ കൊണ്ട് എത്തിപ്പിടിക്കാൻ കഴിയുന്നത്ര താഴെയായിരുന്നു ആ വീടിന്റെ മേൽക്കൂര.

നബി(സ) വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ അല്ലാഹുവിനെ സ്മരിക്കുകയും ആദ്യം തന്നെ ദന്ത ശുദ്ധീകരണം നടത്തുകയും ചെയ്യുമായിരുന്നു. അവിടെ ഉള്ളവർക്ക് അവിടുന്ന് സലാം പറയും, ഉണർന്നിരിക്കുന്നവരെ അവിടുന്ന് കേൾക്കും, ഉറങ്ങുന്നവരെ അദ്ദേഹം ഉണർത്താറില്ലായിരുന്നു. വീട്ടിലേക്ക് പ്രവേശിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിനെ സ്മരിച്ചില്ലെങ്കിൽ അവനോടൊപ്പം അവന്റെ ഭക്ഷണത്തിലും താമസത്തിലും പിശാച് പങ്കുചേരുമെന്നു അവിടുന്ന് പഠിപ്പിച്ചു. നബി(സ) വീട്ടിൽ നിന്ന് പുറത്തിറങ്ങുമ്പോൾ

«بِسْمِ اللهِ، تَوَكَّلْتُ عَلَى اللهِ، اللَّهُمَّ إِنَّا نَعُوذُ بِكَ مِنْ أَنْ نَزِلَّ، أَوْ نَضِلَّ، أَوْ نَظْلِمَ، أَوْ نُظْلَمَ، أَوْ نَجْهَلَ، أَوْ يُجْهَلَ عَلَيْنَا». [صحيح الترمذي للألباني].

*അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ മേൽ ഞാൻ ഭരമേൽപ്പിക്കുന്നു. അല്ലാഹുവേ, ഞങ്ങൾ വ്യതിചലിക്കുകയോ വഴിതെറ്റുകയോ അക്രമിക്കുകയോ അക്രമിക്കപ്പെടുകയോ ചെയ്യുതിൽ നിന്നും അവിവേകം ചെയ്യുകയോ അവിവേകത്തിന് വിധേയമാകുകയോ ചെയ്യുതിൽ നിന്നും നിന്നോട് ഞങ്ങൾ അഭയം ചോദിക്കുന്നു.* എന്ന് പറയാറുണ്ടായിരുന്നു. ആരെങ്കിലും

«بِسْمِ اللهِ، تَوَكَّلْتُ عَلَى اللهِ، وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ باللهِ».

*അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ മേൽ ഞാൻ ഭരമേൽപ്പിക്കുന്നു. അല്ലാഹുവിനെ കൊണ്ടല്ലാതെ ഒരു ശക്തിയും കഴിവുമില്ല.* എന്ന് പറഞ്ഞാൽ അവനോട് 'നീ സന്മാർഗത്തിലായവനാണ്, നിനക്ക് അത് മതിയാകും, നീ സംരക്ഷണത്തിലായവനുമാണ്.' എന്ന് പറയപ്പെടുകയും പി ശാച് അവനെ തൊട്ട് വഴിമാറി പോവുകയും ചെയ്യുമെന്നും അവിടുന്ന് പഠിപ്പിച്ചു.

റസൂൽ(സ) തന്റെ വീട്ടിൽ എങ്ങനെയായിരുന്നു എന്ന് ചോദിക്ക പ്പെട്ടപ്പോൾ ആഇശ(റ) പറഞ്ഞു: 'അദ്ദേഹം തന്റെ കുടുംബ വുമായി ബന്ധപ്പെട്ട തിരക്കിലാണെകിലും ബാങ്ക് കേട്ടാൽ അവിടുന്ന് പുറപ്പെടും' വേറെ ഒരു റിപ്പോർട്ടിൽ ഇങ്ങനെ കൂടി കാണാം, അവർ പറഞ്ഞു: 'അദ്ദേഹം ഒരു മനുഷ്യനായിരുന്നു, അവിടുന്ന് തന്റെ വസ്ത്രങ്ങൾ തുന്നും, ആടിനെ കറക്കും,

സ്വന്തം കാര്യങ്ങൾ നിർവഹിക്കും.' ജനങ്ങളിൽ വെച്ചേറ്റവും നന്നായി തന്റെ കുടുംബത്തോട് പെരുമാറിയിരുന്നതും സഹവസിച്ചിരുന്നതും അദ്ദേഹമായിരുന്നു. ആഇശ(റ)യുടെ സുദീർഘമായ രാത്രി സംസാരത്തിന് ഇടക്ക് വെച്ച് മുറിക്കാതെ അദ്ദേഹം കാതോർതിരിക്കുമായിരുന്നു, സംസാര ശേഷം അവരെ സന്തോഷിപ്പിക്കുകയും ചെയ്യുമായിരുന്നു, ആഇശ(റ)യുമായി അവിടുന്ന് ഓട്ട മത്സരം നടത്തുകയും അവർ അദ്ദേഹത്തെയും അദ്ദേഹം അവരെയും അതിജയിക്കുകയും ചെയ്തിട്ടുണ്ട്. പെരുന്നാൾ ദിവസം അബ്സീനിയൻ കുട്ടികൾ കളിക്കുന്നത് കാണാൻ അവർ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം അത് സാധിപ്പിച്ചു കൊടുക്കുകയും അവർ നബി(സ)യുടെ പിന്നിൽ മറഞ്ഞിരുന്നു കൊണ്ട് മടുക്കുവോളം അത് കാണുകയും ചെയ്തിട്ടുണ്ട്, വളരെ വിനയാന്വിതനായിരുന്നു അദ്ദേഹം, വല്ല സാധനവും വീണു പോയാൽ അതദ്ദേഹം കുനിഞ്ഞ് എടുക്കുമായിരുന്നു, തന്റെ പത്നി സഫിയ(റ)ക്ക് ഒട്ടകപ്പുറത്ത് കയറാൻ വേണ്ടി അദ്ദേഹം ഒട്ടകത്തിന് സമീപത്ത് ഇരിക്കുകയും അവർക്ക് ചവിട്ടി കയറാൻ തന്റെ തിരു കാലുകൾ വെച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

നബി(സ) ഉപയോഗിച്ചിരുന്നത് തോല് കൊണ്ടുള്ള വിരിപ്പും ഈത്തപ്പന നാരു കൊണ്ടുള്ള തലയിണയുമായിരുന്നു, അവിടുന്ന് തന്റെ പായയിൽ കിടന്ന് ആ തിരുശരീരത്തിൽ അതിന്റെ പാടുകൾ വരാറുണ്ടായിരുന്നു. എല്ലാ രാത്രിയിലും അദ്ദേഹം തന്റെ വിരിപ്പിലേക്ക് ചെന്നാൽ രണ്ടു കൈക്കുമ്പിളുകളും കൂട്ടി പിടിക്കുകയും അതിലേക്ക് ഊതുകയും എന്നിട്ട് അതിലേക്ക്

ഇഖ്‌ലാസ്, ഫലഖ്, നാസ് സൂറത്തുകൾ പാരായണം ചെയ്ത് ശരീരത്തിൽ സാധ്യമാകുന്ന ഭാഗത്തെല്ലാം കൈകൾ കൊണ്ട് തടവുകയും ചെയ്യുമായിരുന്നു. ഇങ്ങനെ തടവുന്ന സമയത്ത് തലയിൽ തുടങ്ങി മുഖം ഉൾപ്പടെ ശരീരത്തിന്റെ മുൻഭാഗം ആയിരുന്നു ആദ്യം തടവിയിരുന്നത്. ഇപ്രകാരം മൂന്ന് പ്രാവശ്യം തടവിയിരുന്നു. അവിടുന്ന്

«الْحَمْدُ للهِ الَّذِي أَطْعَمَنَا وَسَقَانَا، وَكَفَانَا وَآوَانَا، فَكَمْ مِمَّنْ لاَ كَافِيَ لَهُ وَلاَ مُؤْوِيَ».
[صحيح مسلم].

*ഞങ്ങളെ ഭക്ഷിപ്പിക്കുകയും ഞങ്ങളെ കുടിപ്പിക്കുകയും ഞങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുകയും ഞങ്ങൾക്ക് അഭയം നൽകുകയും ചെയ്ത അല്ലാഹുവിനാണ് സർവ്വ സ്തുതിയും. അഭയം നൽകുവാനോ ആവശ്യം നിർവഹിക്കുവാനോ ആരുമില്ലാത്തവർ എത്ര!*

എന്ന് പ്രാർത്ഥിക്കാറുണ്ട്. നബി(സ) കിടക്കുമ്പോൾ തന്റെ വലത് കൈപ്പടം വലത് കാവിലിനടിയിൽ വെച്ച് വലത് ഭാഗത്തേക്ക് ചെരിഞ്ഞായിരുന്നു കിടന്നിരുന്നത്. ആ സമയത്ത് അവിടുന്ന്

«اللَّهُمَّ قِنِي عَذَابَكَ يَوْمَ تَبْعَثُ عِبَادَكَ». [صحيح أبي داود للألباني].

*അല്ലാഹുവേ, നിന്റെ ദാസൻമാരെ പുനർജീവിപ്പിക്കുന്ന ദിനത്തിൽ നിന്റെ ശിക്ഷയിൽ നിന്ന് എന്നെ കാത്ത് രക്ഷിക്കേണമേ!* എന്നും

«بِاسْمِكَ اللَّهُمَّ أَمُوتُ وَأَحْيَا». [صحيح البخاري].

അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. എന്നും

«اللَّهُمَّ أَسْلَمْتُ نَفْسِي إِلَيْكَ، وَوَجَّهْتُ وَجْهِي إِلَيْكَ، وَفَوَّضْتُ أَمْرِي إِلَيْكَ، وَأَلْجَأْتُ ظَهْرِي إِلَيْكَ، رَغْبَةً وَرَهْبَةً إِلَيْكَ، لاَ مَلْجَأَ وَلاَ مَنْجَى مِنْكَ إِلاَّ إِلَيْكَ، آمَنْتُ بِكِتَابِكَ الَّذِي أَنْزَلْتَ، وَبِنَبِيِّكَ الَّذِي أَرْسَلْتَ». [صحيح البخاري].

*അല്ലാഹുവേ എന്നെ ഞാൻ നിന്നിലേൽപ്പിക്കുകയും എന്റെ മുഖം നിന്നിലേക്ക് തിരിക്കുകയും എന്റെ കാര്യങ്ങൾ നിന്നിലർപ്പിക്കുകയും എന്റെ മുതുകിനെ ഞാൻ നിന്നിലേക്ക് ചേർക്കുകയും ചെയ്തിരിക്കുന്നു. നിന്റെ പ്രതിഫലത്തെ കാംക്ഷിച്ചു കൊണ്ടും നിന്റെ ശിക്ഷയെ ഭയന്നു കൊണ്ടുമാണ് (അങ്ങനെ ചെയ്തത്) നിന്നിലേക്ക് മടങ്ങുകയല്ലാതെ നിന്റെ ശിക്ഷയിൽ നിന്ന് അഭയമോ രക്ഷയോ ഇല്ല. നീ അവതരിപ്പിച്ച വേദത്തിലും നിന്റെ പ്രവാചകനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു.*
എന്നുമൊക്കെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. റസൂൽ (സ) പറഞ്ഞു: 'ആരെങ്കിലും ഇതൊക്കെ പ്രാർത്ഥിക്കുകയും എന്നിട്ട് ആ രാത്രി അവൻ മരണപ്പെടുകയും ചെയ്താൽ ശുദ്ധ പ്രകൃതിയിലാണ് അവൻ മരണപ്പെടുന്നത്.' അവിടുന്ന്

«اللَّهُمَّ إِنَّكَ خَلَقْتَ نَفْسِي وَأَنْتَ تَوَفَّاهَا، لَكَ مَمَاتُهَا وَمَحْيَاهَا، إِنْ أَحْيَيْتَهَا فَاحْفَظْهَا، وَإِنْ أَمَتَّهَا فَاغْفِرْ لَهَا، اللَّهُمَّ إِنِّي أَسْأَلُكَ الْعَافِيَةَ». [صحيح مسلم].

*അല്ലാഹുവേ, എന്റെ ജീവനെ നീയാണ് സൃഷ്ടിച്ചത്. അതിനെ മരിപ്പിക്കുന്നവനും നീയാണ്. അതിന്റെ ജീവിതവും മരണവും നിനക്കുള്ളതാണ്. അതിനെ ജീവിപ്പിക്കുകയാണെങ്കിൽ നീ*

*അതിനെ സംരക്ഷിക്കേണമേ! നീ അതിനെ മരിപ്പിക്കുകയാണെങ്കിൽ അതിന് പാപമോചനം നൽകേണമേ! അല്ലാഹുവേ നിശ്ചയം ഞാനിതാ നിന്നോട് സൗഖ്യത്തിനായി ചോദിക്കുന്നു.* എന്നും പ്രാർത്ഥിക്കാറുണ്ടായിരുന്നു. സൂറത്തു സജദയും സൂറത്തുൽ മുൽക്കും പാരായണം ചെയ്യാതെ അദ്ദേഹം ഉറങ്ങിയിരുന്നില്ല. ആയത്തുൽ കുർസിയും സൂറത്തുൽ ബഖറയിലെ അവസാന രണ്ട് ആയത്തും (ആമന റസൂലു) പാരായണം ചെയ്യാൻ അവിടുന്ന് പ്രേരിപ്പിക്കുകയും ആരെങ്കിലും അവ പാരായണം ചെയ്താൽ അവന് ആ രാത്രി അവ രണ്ടും മതിയാകുന്നതാണ് എന്ന് പഠിപ്പിക്കുകയും ചെയ്തു.

«بِاسْمِكَ رَبِّي وَضَعْتُ جَنْبِي، وَبِكَ أَرْفَعُهُ، إِنْ أَمْسَكْتَ نَفْسِي فَارْحَمْها، وَإِنْ أَرْسَلْتَهَا فَاحْفَظْهَا بِمَا تَحْفَظُ بِهِ عِبادَكَ الصَّالِحِينَ». [صحيح البخاري].

*എന്റെ രക്ഷിതാവേ, നിന്റെ നാമത്തിൽ എന്റെ പാർശ്വം ഞാൻ വെക്കുന്നു. അതിനെ ഞാൻ ഉയർത്തുന്നതും നിന്റെ സഹായം കൊണ്ടാണ്. എന്റെ ആത്മാവിനെ നീ പിടിക്കുകയാണെങ്കിൽ അതിനോട് നീ കരുണ കാണിക്കേണമേ! അതിനെ നീ വിട്ടുതരികയാണെങ്കിൽ നിന്റെ സദ്‌വൃത്തരായ ദാസൻമാരെ സംരക്ഷിക്കുന്നത് കൊണ്ട് അതിനെയും നീ സംരക്ഷിക്കേണമേ!* എന്നും

«اَللهُمَّ عَالِمَ الْغَيْبِ وَالشَّهَادَةِ فَاطِرَ السَّمَوَاتِ وَالأَرْضِ رَبَّ كُلِّ شَيْءٍ وَمَلِيكَهُ أَشْهَدُ أَن لاَ إِلَهَ إِلاَّ أَنْتَ أَعُوذُ بِكَ مِن شَرِّ نَفْسِي، وَمِنْ شَرِّ الشَّيْطَانِ وَشِرْكِهِ وَأَنْ أَقْتَرِفَ عَلَى نَفْسِي سُوءاً أَوْ أَجُرَّهُ إِلَى مُسْلِمٍ».

*ദൃശ്യവും അദൃശ്യവും അറിയുന്നവനും ഭൂമിയും ആകാശങ്ങളും സൃഷ്ടിച്ചവനും സർവ്വ വസ്തുക്കളുടെയും നാഥനും ഉടമ യുമായ അല്ലാഹുവേ, നിശ്ചയം നീ അല്ലാതെ ആരാധ്യനി ല്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. സ്വശരീരത്തോടോ മറ്റൊരു മുസ്‌ലിമിനോടോ തിൻമ ചെയ്യുന്നതിൽ നിന്നും പിശാചിന്റെയും അവന്റെ കൂട്ടുകാരുടെയും തിൻമയിൽ നിന്നും സ്വശരീരത്തിന്റെ തിൻമയിൽ നിന്നും നിന്നോട് ഞാൻ അഭയം ചോദിക്കുന്നു* എന്നും പ്രാർത്ഥിക്കാൻ അവിടുന്ന് പ്രേരിപ്പിച്ചിട്ടുണ്ട്.

അല്ലാഹുവേ, ഇബ്റാഹീമി(അ)ന്റെ കുടുംബത്തിന് ഗുണം ചെയ്ത പോലെ മുഹമ്മദ് നബി(സ)യിലും അവിടുത്തെ കുടുബത്തിലും നീ ഗുണം ചെയ്യേണമേ! ഇബ്റാഹീമി(അ) ന്റെ കുടുംബത്തിന് അനുഗ്രഹം ചെയ്ത പോലെ മുഹമ്മദ് നബി(സ)യിലും അവിടുത്തെ കുടുബത്തിലും നീ അനുഗ്രഹം ചെയ്യേണമേ! നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ്. അല്ലാഹുവേ, നിന്റെ റസൂലിനോടൊപ്പമുള്ള സഹവാസം ഇഹ ലോകത്ത് ഞങ്ങൾക്ക് വിലക്കിയത് പോലെ പരലോകത്ത് വിലക്കരുതേ നാഥാ. അല്ലാഹുവെ അദ്ദേഹത്തിന് ഏറ്റവും മികച്ച പ്രതിഫലവും നീ വാഗ്ദാനം ചെയ്ത പദവികളും നൽ കേണമേ, നീ വാഗ്ദാനം ലംഘിക്കാത്തവനാണല്ലോ.





IslamHouse.com

@IslamHouseMl islamhouseml islamhouse.com/ml/
Malayalam.IslamHouse user/IslamHouseml

For more details visit
www.GuideToIslam.com

GUIDE TO ISLAM

contact us :Books@guidetoislam.com

GuidetoIslam.org Guidetoislam1 Guidetoislam www.Guidetoislam.com

جمعية الدعوة والإرشاد وتوعية الجاليات بالربوة

هاتف: ٠٠٤٥٤٤٠٠١١٦٦٩+ فاكس: ١٢٦٠٧٩٤١١٦٦٩+ ص ب: ٢٩٤٦٥ الرياض: ١١٤٥٧

P.O.BOX 29465 RIYADH 11457 TEL: +966 11 4454900 FAX: +966 11 4970126

OFFICERABWAH



osoulcenter
www.osoulcenter.com
To Download This Book, please Visit:
OSOUL STORE osoulstore.com